# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## കോഡൂർ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505

ഇ-മെയിൽ: dompm.ksad@kerala.gov.in

ഫോൺ : 0483-2734951

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA MPM27/591/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505
തീയ്യതി: 05/04/2023
ഇ-മെയിൽ:
dompm.ksad@kerala.gov.in
ഫോൺ: 0483-2734951

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കോഡൂർ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : കോഡൂർ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കോഡൂർ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSA MPM27/591/2023 തീയ്യതി: 05/04/2023

## മലപ്പുറം ജില്ലയിലെ കോഡൂർ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

മലപ്പുറം ജില്ലയിലെ കോഡൂർ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 19-05-2022 മുതൽ 21-03-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 19 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 8 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.ഉണ്ണി പൂതംകുറ്റി | ഡെപ്യൂട്ടി ഡയറക്ടർ | 22-03-2023 | 29-03-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 22-03-2023 | 29-03-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.അബ്ദുനാസർ.പി.ഓഡിറ്റ് ഓഫീസർ
ശ്രീ.മുഹമ്മദ് ഫാറൂക്ക്.കെ.പി.അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ.യൂസഫ്.പി.അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ.മൊയ്തീൻ ഫാസിൽ.കെ.ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി. റാബിയ | പ്രസിഡന്റ് | 01-04-2021 | 31-03-2022 |

| | | | |
|---|---|---|---|
| ചോലക്കൽ | | | |
| ശ്രീമതി. റോസി.സി | സെക്രട്ടറി | 01-04-2021 | 08-11-2021 |
| ശ്രീമതി. ബിന്ദു.വി.ആർ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 09-11-2021 | 07-12-2021 |
| ശ്രീമതി. റോസി.സി | സെക്രട്ടറി | 08-12-2021 | 03-03-2022 |
| ശ്രീമതി. ബിന്ദു.വി.ആർ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 04-03-2022 | 31-03-2022 |

നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ഡോ. മുഹമ്മദ് അൻവർ പി | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | 01-04-2021 | 31-03-2022 |
| ഡോ.സീമ.പി | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-04-2021 | 31-03-2022 |
| ഡോ.വന്ദന.ബി.ജെ | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 01-04-2021 | 31-03-2022 |
| ശ്രീമതി.ശുഭ.പി | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2021 | 14-01-2022 |
| ശ്രീ.ബാബു.പിടി | അസിസ്റ്റന്റ് എഞ്ചിനീയർ | 15-01-2022 | 31-03-2022 |
| ശ്രീ.ശ്രീരാജ്.ആർ | വി.ഇ.ഒ | 01-04-2021 | 31-03-2022 |
| ശ്രീമതി.ബസീലമോൾ.ബി.എ | വെറ്ററിനറി സർജൻ | 01-04-2021 | 31-03-2022 |
| ശ്രീമതി. ബിന്ദു.വി.ആർ | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2021 | 31-03-2022 |
| ശ്രീമതി.ഹസീന എം.പി | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2021 | 31-03-2022 |
| ശ്രീമതി.ബുഷ്റ.കെ.വി | ഹെഡ് മിസ്ട്രസ്സ് | 01-04-2021 | 26-10-2021 |
| ശ്രീ.അഷ്റഫ്.കടകമ്പള്ളി ചാലിൽ | ഹെഡ് മാസ്റ്റർ | 27-10-2021 | 31-03-2022 |
| ശ്രീമതി.അഞ്ജലി.കെ | കൃഷി ഓഫീസർ | 01-04-2021 | 01-10-2021 |
| ശ്രീമതി.സുഹാന തബസ്സും.കെ | കൃഷി ഓഫീസർ | 02-10-2021 | 31-03-2022 |
| ശ്രീമതി.ഗ്രേസി കെ.പി | ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2021 | 31-03-2022 |

.

ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | സാമ്പത്തിക വിശകലനം | 1-3 |
| 4 | ഗ്രാന്റ് വിനിയോഗം | 1-4 |
| 5 | ഗ്രാന്റ് സ്റ്റേറ്റ്മെന്റ് അപാകത | 1-4-1 |
| 6 | പദ്ധതി അവലോകനം | 1-5 |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 8 | ക്ഷേമ പദ്ധതികൾ | 1-7 |
| 9 | ക്യാഷ് ബാലൻസ് പരിശോധന | 1-8 |
| 10 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 12 | വാർഷിക കണക്കിലെ അപാകതകൾ | 1-11 |
| 13 | കെട്ടിടങ്ങളുടെ ഉപയോഗക്രമം നോക്കാതെ ലൈസൻസ് അനുവദിച്ചു | 1-12 |
| 14 | ഇ-ടെണ്ടർ ഫീ - അക്കൗണ്ട് പരിപാലനത്തിൽ അപാകത | 1-13 |
| 15 | മരുന്നുകൾ മുഴുവൻ ലഭ്യമായില്ല | 1-14 |
| 16 | റോഡിന്റെ തരം തെറ്റായി രേഖപ്പെടുത്തി, വസ്തു നികുതി നിർണ്ണയിച്ചു | 1-15 |
| 17 | വസ്തു നികുതി ഈടാക്കിയതിൽ കുറവ് | 1-16 |
| 18 | ബെയിലിംഗ് മെഷീൻ ഇൻസ്റ്റാൾ ചെയ്തിട്ടില്ല. | 1-17 |
| 19 | വനിതകൾക്ക് സ്വയം പ്രതിരോധം- കളരി പരിശീലനം സംബന്ധിച്ച് | 1-18 |
| 20 | അംഗനവാടികൾക്ക് മിക്സിയും പാത്രങ്ങളും വാങ്ങൽ -കുറഞ്ഞ നിരക്കിലുള്ളവ തഴയപ്പെട്ടു | 1-19 |
| 21 | സർക്കാർ ഉത്തരവിനു വിരുദ്ധമായി ആർജിതാവധി പണമാക്കി നൽകിയത് -തുക തിരികെ ഈടാക്കേണ്ടതാണ് | 1-20 |
| 22 | സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനത്തിന്റെ നടത്തിപ്പ് -അപാകതകൾ | 1-21 |
| 23 | മുണ്ടക്കോട് നിരപ്പിൽ കുടിവെള്ള പദ്ധതിക്ക് പ്രഷർ ഫിൽറ്റർ- കേരള ജല അതോറിറ്റിക്ക് നൽകിയ തുക വിനിയോഗ സാക്ഷ്യ പത്രം ലഭ്യമാക്കേണ്ടതാണ്. | 1-22 |
| 24 | മരാമത്ത് നിർവ്വഹണം- പൊതു അപാകതകൾ | 1-23 |
| 25 | ഡയാലിസിസ് രോഗികൾക്കുള്ള ധനസഹായം- ജില്ലാ പഞ്ചായത്ത് വിഹിതം - വിനിയോഗിക്കാത്ത തുക വിശദാംശങ്ങൾ ലഭ്യമാക്കിയില്ല | 1-24 |
| 26 | കൺവീനർ പ്രവൃത്തി- 5% കുറവ് ചെയ്യാതെ ബിൽ തുക നൽകി | 1-25 |
| 27 | അങ്കണവാടിയുടെ ഒന്നാം നിലയിൽ ഗ്രിൽ സ്ഥാപിക്കൽ - അധിക തുക നൽകി | 1-26 |

| | | |
|---|---|---|
| 28 | മാന്വൽ ടെണ്ടറുകളിൽ മൽസരാധിഷ്ഠിത ടെണ്ടറുകൾ ലഭിക്കുന്നില്ല- ഗ്രാമ പഞ്ചായത്തിന് ടെണ്ടർ സേവിംഗ്സ് ഇനത്തിൽ വരവ് ലഭിക്കുന്നില്ല. | 1-27 |
| 29 | കൃഷി ഭവൻ കെട്ടിടം നാളിതു വരെ പ്രവർത്തനക്ഷമമാക്കിയില്ല | 1-28 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| 1 | അങ്കണവാടിയുടെ ഒന്നാം നിലയിൽ ഗ്രിൽ സ്ഥാപിക്കൽ - അധിക തുക നൽകി | 3-1 |
| ഭാഗം **4** | | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം. | 4-1 |
| 2 | സംയുക്ത പ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപ പ്രവ്യത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 5 | വായ്പ/വായ്പ തിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | 4-8 |
| 9 | ചാർജ് സർചാർജ് നടപടികളുടെ വിവരം. | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ്

| 2021-22 ലെ ബജറ്റ് പാസ്സാക്കിയ നമ്പർ/തീയ്യതി | ( പുതുക്കിയത്) തീരുമാന നം./തിയ്യതി |
|---|---|
| 1/ 23.03.2021 | 20(1)/22.02.2022 |

## 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2022 | 13-05-2022 | - | - |

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 16338998 |
| ഓഡിറ്റ് വർഷത്തെ വരവ് | 84300988 |
| ആകെ | 100639986 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 79679574 |
| നീക്കിയിരിപ്പ് | 20960412 |

## 1-4 ഗ്രാന്റ് വിനിയോഗം

| ഗ്രാന്റ് | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സായ തുക | കുറിപ്പ് |
|---|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 0 | 18501000 | 18501000 | 17572701 | 928299 | |
| വികസന ഫണ്ട് (എസ്.സി.പി) | 0 | 2719600 | 2719600 | 2460000 | 259600 | |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 0 | 11497000 | 11497000 | 10269080 | 1227920 | |
| സംരക്ഷണ ഗ്രാന്റ് (നോൺ റോഡ്) | 0 | 7049289 | 7049289 | 4662893 | 2386396 | |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് (ടൈഡ്) | 0 | 8886807 | 8886807 | 4408228 | 4478579 | |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് (അൺടൈഡ്) | 0 | 3689000 | 3689000 | 3603033 | 85967 | |
| B. Fund | 0 | 63844140 | 63844140 | 63844140 | 0 | |

### 1-4-1 ഗ്രാന്റ് സ്റ്റേറ്റ്മെന്റ് അപാകത

സാമ്പത്തിക വർഷത്തെ ഗ്രാന്റ് സ്റ്റേറ്റ്മെന്റ് , എ സി ആർ എന്നിവ പരിശോധിച്ചതിൽ ചുവടെ ചേർത്ത ഇനങ്ങളിലെ ചെലവുകൾ പൊരുത്തപ്പെടുന്നില്ല.

| ഗ്രാന്റിനം | ചെലവ്(AFSപ്രകാരം) | ചെലവ്(ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം) |
|---|---|---|
| വികസന ഫണ്ട് (ജനറൽ) | 17572701 | 18886701 |

| | | |
|---|---|---|
| സെൻട്രൽ ഫിനാൻസ് ഗ്രാന്റ് Un- Tied | 3763262 | 3603033 |
| സെൻട്രൽ ഫിനാൻസ് ഗ്രാന്റ് Tied | 5534000 | 4408228 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രൊജക്ടുകൾ നടപ്പിലാക്കിയതിന്റെ വിവരം.

| അംഗീകാരം ലഭിച്ചത് (എണ്ണം) | അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | ചെലവഴിച്ച തുക | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രൊജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 205 | 85077165 | 167 | 62336056 | 0 | 38 | 81.46 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 0 | 533353 | 533353 | 533328 | 25 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 3842000 | 3842000 | 3842000 | 0 |

## 1-7 ക്ഷേമ പദ്ധതികൾ

| ക്ഷേമപദ്ധതികളുടെ പേര് | ചെലവു തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽ രഹിത വേതനം | 2040 | 1 |
| കർഷക തൊഴിലാളി പെൻഷൻ | 2195600 | 136 |
| വിധവാ പെൻഷൻ | 18687500 | 1195 |
| വാർധക്യകാല പെൻഷൻ | 34713200 | 2365 |
| വികലാംഗ പെൻഷൻ | 7599000 | 483 |
| വിവാഹ ധനസഹായം | 60000 | 2 |
| 50വയസ്സിനു മുകളിലുള്ള അവിവാഹിതകൾക്കുള്ള പെൻഷൻ | 586800 | 40 |

## 1-8 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 25.03.2023 ന് 10.10a.m ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. കാഷ് ചെസ്റ്റിൽ കളക്ഷനായി ഉണ്ടായിരുന്ന 16249/- രൂപയുടെ കൃത്യത അന്നത്തെ ഡേ-ബുക്കിലെ തുകയുമായി ഒത്തു നോക്കി ഉറപ്പു വരുത്തി.

## 1-9 ആഭ്യന്തര നിയന്ത്രണം

ഗ്രാമപഞ്ചായത്തിന്റെ വിവിധ മേഖലയിലെ പ്രവർത്തനം വിലയിരുത്തുമ്പോൾ ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം കൂടുതൽ മെച്ചപ്പെടേണ്ടതുണ്ടെന്ന് ബോധ്യപ്പെടുന്നു. പരിശോധനയിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു

1. തൊഴിൽ നികുതി, ലൈസൻസ് തുടങ്ങിയ പ്രധാന വരവിനങ്ങളുടെ കാര്യത്തിൽ വേണ്ടത്ര വിലയിരുത്തലുകളോ ഇടപെടലുകളോ ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി നടത്തിയിട്ടില്ല. പഞ്ചായത്തിന്റെ തനതു വരുമാനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി പുതിയ നികതി നിർദ്ദേശങ്ങളൊന്നും തന്നെ ധനകാര്യ സ്റ്റാൻഡിംഗ് കമ്മിററി യോഗങ്ങളിൽ ഉയർന്നു വന്നിട്ടില്ല.
2. ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.
3. ഭരണസമിതി തീരുമാനം നടപ്പിൽ വരുത്തുന്നതിലെ പുരോഗതി സംബന്ധിച്ച അവലോകനം തുടർ യോഗങ്ങളിൽ അജണ്ടയായി ഉൾപ്പെടുത്തേണ്ടതാണ്.
4. വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കേണ്ടതുണ്ട്.
5. വ്യപാര സ്ഥാപനങ്ങൾക്ക് ലൈസൻസ് അനുവദിക്കുമ്പോൾ കെട്ടിടങ്ങളുടെ ഉപയോഗക്രമം പരിശോധിച്ച് ഉറപ്പ് വരുത്തുന്നതിൽ കൂടുതൽ ശ്രദ്ധിക്കേണ്ടതുണ്ട്.
6. മുൻ വർഷ ഓഡിറ്റ് റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കുന്നതിൽ പുരോഗതിയില്ല.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തിയ്യതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തിയ്യതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 19/12/2022 | 12/ 2022 | 19/12/2022 |
| എ.ജി ഓഡിറ്റ് | 30/08/2017 | 12-13 T0 16-17 | 23/10/17 |

## 1-11 വാർഷിക കണക്കിലെ അപാകതകൾ

21-22 സാമ്പത്തിക വർഷത്തെ വാർഷിക കണക്ക് പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ കൊടുക്കുന്നു.

1. B-4 പ്രകാരമുള്ള താഴെ സൂചിപ്പിക്കുന്ന തുക B-17 ൽ ഉൾപ്പെടുത്തിയിട്ടില്ല.

| ഇനം | തുക |
|---|---|
| ICDS (Centrally Sponsored Scheme Integrated Child Development Scheme) | 484250 |
| Suchithwa Mission (Grants From Suchitwamission) | 1226132 |

ഓഡിറ്റ് എൻക്വയറി നമ്പർ 3/28.03.2023 ന് ലഭ്യമാക്കിയ മറുപടി പ്രകാരം മേൽ തുകകൾ KGB OWN FUND ന്റെ ബാലൻസ് തുകയിൽ ഉൾപ്പെട്ടിട്ടുണ്ടെന്ന് ബോധിപ്പിച്ചിട്ടുണ്ട്. എന്നാൽ ആയതിന്റെ പ്രത്യേക എ.സി.ആർ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ തുകകളുടെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

2. ബാങ്ക് അക്കൗണ്ടുകൾ പ്രതിമാസ റീകൺസിലിയേഷൻ നടത്തിയിട്ടുണ്ടെങ്കിലും ആയത് സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

3. B-4 പ്രകാരമുള്ള തുകകൾക്ക് പ്രത്യേകം എ.സി.ആർ. സൂക്ഷിച്ചിട്ടില്ലാത്തതിനാൽ പ്രസ്തുത തുകകളുടെ കൃത്യത പരിശോധിക്കാനായിട്ടില്ല.

4. AFS പ്രകാരമുള്ള കെട്ടിട നികുതി വിവരങ്ങൾ സഞ്ചയയുമായി പൊരുത്തപ്പെടുന്നില്ല.

| ഇനം | AFS പ്രകാരം | സഞ്ചയ പ്രകാരം |
|---|---|---|
| ഡിമാന്റ് (തൻവർഷം) | 5061362 | 5000483 |
| ഡിമാന്റ് (കുടിശ്ശിക) | 36731 | 769655 |
| കളക്ഷൻ(തൻവർഷം) | 4997260(4940795+56465 Book Adjustment) | 4743237 |
| കളക്ഷൻ (കുടിശ്ശിക) | 633222 | 603405 |

| | | |
|---|---|---|
| ബാലൻസ് (തൻവർഷം) | 62868 | 212339 |
| ബാലൻസ് (കുടിശ്ശിക) | 123369 | 170702 |

5. RP-5 പ്രകാരം Receipt From Auction Of Obsolete Asset ഇനത്തിൽ 30150/- രൂപയുടെ വരവുണ്ടെങ്കിലും ലേല രജിസ്റ്റർ ഹാജരാക്കാത്തത് കൊണ്ട് ആയതിന്റെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.
6. RP 10 പ്രകാരം 1058/- രൂപയുടെ വരവുണ്ടെങ്കിലും ഓഡിറ്റ് റിക്കവറി രജിസ്റ്റർ ഹാജറാക്കാത്തത് കൊണ്ട് ആയതിന്റെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.
7.തൊഴിലുറപ്പ് പദ്ധതിയുടെ കാഷ് സ്റ്റേറ്റ്മെന്റ് പ്രകാരം വൈദഗ്ധ്യമില്ലാത്ത തൊഴിലാളികൾക്ക് ചെലവഴിച്ച തുക 8033000/- രൂപയും അഡ്മിനിസ്ട്രേറ്റീവ് എക്സ്പെൻസ് ഇനത്തിലുള്ള ചെലവ് 533328/- കൂട്ടി ആകെ 8566328/- രൂപയാണ്. എന്നാൽ I-6 പ്രകാരം ആയത് 12756735/- രൂപയാണ്.
8. ജോയിന്റ് വെഞ്ചർ(ബ്ലോക്ക് പഞ്ചായത്ത് വിഹിതം) Income & Expenditure Statement പ്രകാരം 1363750 രൂപയും, Receipt & Payment Statement പ്രകാരം 1613750 രൂപയുമാണ്. ബാലൻസ്ഷീറ്റിൽ നീക്കിയിരിപ്പില്ല. വ്യത്യാസം വിശദീകരിക്കപ്പെട്ടിട്ടില്ല. മേൽ അപാകതകൾ പരിഹരിച്ച് വിവരം ലഭ്യമാക്കേണ്ടതാണ്.

## 1-12 കെട്ടിടങ്ങളുടെ ഉപയോഗക്രമം നോക്കാതെ ലൈസൻസ് അനുവദിച്ചു

2021-22 ലെ ഫാക്ടറി വ്യാപാര സ്ഥാപനങ്ങളുടെ ലൈസൻസ് അനുവദിച്ചിട്ടുള്ള സ്ഥാപനങ്ങൾ സമർപ്പിച്ചിട്ടുള്ള അപേക്ഷകളും ലൈസൻസ് രജിസ്റ്ററും പരിശോധിച്ചതിൽ ചുവടെ ചേർത്തിട്ടുള്ള ക്രമ നമ്പറിലുള്ള കെട്ടിടങ്ങളുടെ ഉപയോഗക്രമം സഞ്ചയ സോഫ്റ്റ് വെയറിൽ പരിശോധിച്ചപ്പോൾ പാർപ്പിടാവശ്യങ്ങൾക്കുള്ളതായി കാണുന്നു. ഏതാനും ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു.

| രജിസ്റ്ററിലെ ക്രമ നമ്പർ | ലൈസൻസി | സ്ഥാപനം | കെട്ടിട നമ്പർ |
|---|---|---|---|
| 18 | മുഹമ്മദ് സീതി.കെ | സോപ്പ്,ഡിറ്റർജന്റ് വിൽപന | 3/463 |
| 72 | ശോഭ സുരേന്ദ്രൻ | ഫർണിച്ചർ നിർമ്മാണം | 8/72 |
| 78 | രാഗേഷ്.എം.കെ | ടെക്സ്റ്റൈൽസ് | 2/419 |
| 190 | മുഹമ്മദ് ജുനൈദ് | ഫെനോയിൽ നിർമ്മാണം | 5/18 |

2011 ലെ വസ്തുനികുതി പരിഷ്കരണ ഉത്തരവ് ചട്ടം 17 (1) പ്രകാരം ഒരു കെട്ടിടത്തിന്റെ വസ്തുനികുതി നിർണ്ണയിക്കപ്പെട്ടതിനുശേഷം കെട്ടിടത്തിന്റെ തറവിസ്തീർണ്ണത്തിലോ ഉപയോഗക്രമത്തിലോ കെട്ടിട ഉടമ വരുത്തുന്ന ഏതൊരു മാറ്റവും മുപ്പതുദിവസത്തിനകം രേഖാമൂലം സെക്രട്ടറിയെ അറിയിക്കേണ്ടതും പുതുക്കിയ വസ്തുനികുതി റിട്ടേൺ സമർപ്പിക്കേണ്ടതുമാണ്. ചട്ടം 17(2) പ്രകാരം ഇപ്രകാരമുള്ള ബാദ്ധ്യത കെട്ടിട ഉടമ നിറവേറ്റാത്ത പക്ഷം സെക്രട്ടറിക്ക് അയാളുടെ മേൽ 1000/- രൂപ അല്ലെങ്കിൽ പുതുക്കിയ വസ്തുനികുതി നിർണ്ണയം മൂലമുണ്ടാകുന്ന നികുതി വർദ്ധനവ് ഏതാണ് അധികമെങ്കിൽ അത് പിഴയായി ചുമത്താവുന്നതാണ്. ഉപചട്ടം 3 ൽ ഇപ്രകാരം 1 -ാം ഉപചട്ട പ്രകാരമുള്ള മാറ്റത്തിന്റെ അടിസ്ഥാനത്തിൽ കെട്ടിടത്തിന്റെ വാർഷിക വസ്തുനികുതി അതാത് വർഷാരംഭം മുതൽ പ്രാബല്യത്തോടെ സെക്രട്ടറി പുനർനിർണ്ണയിക്കേണ്ടതും അതിനനുസരിച്ച് വസ്തുനികുതി നിർണ്ണയ രജിസ്റ്ററിലും വസ്തുനികുതി ഡിമാന്റ് രജിസ്റ്ററിലും ഭേദഗതി വരുത്തേണ്ടതും കെട്ടിട ഉടമക്ക് പുതുക്കിയ ഡിമാന്റ് നോട്ടീസ് നൽകേണ്ടതുമാണെന്ന് വ്യക്തമാക്കുന്നുണ്ട്.
എന്നാൽ മേൽ ഫാക്ടറി വ്യാപാര സ്ഥാപനങ്ങളുടെ ലൈസൻസ് അനുവദിക്കുമ്പോൾ കെട്ടിടത്തിന്റെ വിനിയോഗക്രമം പരിശോധിച്ച് ഉറപ്പുവരുത്തിയിട്ടില്ല.
മേൽ അപാകതക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 1/28.03.20203 ന് മറുപടി ലഭ്യമാക്കിയത് പ്രകാരം പാർപ്പിടാവശ്യ ഉപയോഗ ക്രമത്തിൽ പ്രവർത്തിക്കുന്ന FACTEOS ലൈസൻസ് നൽകപ്പെട്ട സ്ഥാപനങ്ങളുടെ ഉപയോഗ ക്രമം സഞ്ചയയിൽ വാണിജ്യാവശ്യത്തിലേക്ക് മാറ്റി വിവരം അറിയിക്കേണ്ടതാണ്.

## 1-13 ഇ-ടെണ്ടർ ഫീ - അക്കൗണ്ട് പരിപാലനത്തിൽ അപാകത

എ) അക്കൗണ്ടിൽ നിന്നും ബാങ്ക് അന്യായമായി ചാർജ് ഈടാക്കുന്നു. 17160 രൂപ തിരികെ ലഭ്യമാക്കേണ്ടതാണ്.

ഇ- ടെണ്ടറിന്റെ ഭാഗമായി ഗ്രാമ പഞ്ചായത്തിന് ടെണ്ടർ ഫീ ഇനത്തിൽ ലഭിച്ച വരവ് തുക ഗ്രാമ പഞ്ചായത്തിന്റെ തനത് ഫണ്ട് അക്കൗണ്ടിലേക്ക് ക്രെഡിറ്റ് ചെയ്യാതെ അസി. എഞ്ചിനീയറുടെ പേരിൽ എസ്.ബി.ഐ.ലുള്ള കറന്റ് അക്കൗണ്ടിൽ (അക്കൗണ്ട് നമ്പർ- 39381285120, എസ്.ബി.ഐ, മലപ്പുറം- ഐ. എഫ് .എസ് .സി -SBIN0008659) സൂക്ഷിച്ചിരിക്കുകയാണ്. അക്കൗണ്ടിൽ 17.02.2023 ന് 11427 രൂപ ഈയിനത്തിൽ അവശേഷിക്കുന്നുണ്ടെന്ന് കാണുന്നു. മേൽ അക്കൗണ്ടിൽ നിന്നും 21.11.2022, 30.11.2022, 31.12.2022 എന്നീ തിയ്യതികളിലായി യഥാക്രമം 15980 രൂപ, 590 രൂപ, 590 രൂപ എന്നിങ്ങനെ 17160 രൂപ ബാങ്ക് ചാർജ് എന്ന ഇനത്തിൽ ബാങ്ക് പിൻവലിച്ചതായി കാണുന്നു. ടി- തുക

പിൻവലിച്ചതിന് കാരണം വ്യക്തമല്ല. അക്കൗണ്ട് കീപ്പിംഗ് ചാർജ് മാത്രമാണ് ബാങ്കിന് ഈടാക്കാവുന്നത്. ബാങ്ക് ചാർജിനത്തിൽ 20.11.2022 ന് 1152 രൂപ ബാങ്ക് ഈടാക്കുകയും ചെയ്തതാണ്. ബാങ്ക് അന്യായമായി ഈടാക്കിയ 17160 രൂപ തിരികെ ഈടാക്കി വിവരം അറിയിക്കേണ്ടതാണ് .

ബി) ടെണ്ടർ ഫീ ഇനത്തിലുള്ള വരവ് തുക ഗ്രാമ പഞ്ചായത്ത് അക്കൗണ്ടിലേക്ക് ക്രഡിറ്റ് ചെ യ്തിട്ടില്ല.

ഗ്രാമ പഞ്ചായത്തിന്റെ വാർഷിക കണക്കിൽ പ്രതിഫലിക്കാത്ത ബാങ്ക് അക്കൗണ്ടിൽ പണം സൂക്ഷിക്കുന്നത് ക്രമ പ്രകാരമുള്ള നടപടിയല്ല.മാത്രമല്ല കറന്റ് അക്കൗണ്ടിൽ പണം സൂക്ഷിക്കുന്നതിനാൽ പലിശയിനത്തിൽ വരുമാന നഷ്ടവും വരുന്നു. ആയത് ഗ്രാമ പഞ്ചായത്തിന്റെ തനത് ഫണ്ട് അക്കൗണ്ടിലേക്ക് ക്രഡിറ്റ് ചെയ്യേണ്ടതാണ്. 1.11.2022 ന് മാത്രമാണ് ഇ- ടെണ്ടറിന് വേണ്ടിയുള്ള മേൽ അക്കൗണ്ട് ഇ ടെണ്ടറിംഗിന്റെ സൈറ്റുമായി മാപ്പിംഗ് നടത്തിയിട്ടുള്ളത്. പ്രസ്തുത തിയ്യതിക്ക് ശേഷം നടത്തിയ ഇ- ടെണ്ടറുകളുടെ ടെണ്ടർ ഫീ മാത്രമാണ് ടി അക്കൗണ്ടിൽ ക്രഡിറ്റ് വന്നിട്ടുള്ളത്. എന്നാൽ ഓഡിറ്റ് വർഷത്തിലും മുൻ വർഷങ്ങളിലും ഇ- ടെണ്ടറിന്റെ ഭാഗമായി എക്സി. എഞ്ചിനീയറുടെ അക്കൗണ്ടിൽ ക്രഡിറ്റ് ചെയ്തിട്ടുള്ള തുകകൾ ഗ്രാമ പഞ്ചായത്തിന് തിരികെ ലഭിച്ചതായി വിവരമില്ല.

ടെണ്ടർ ഫീയിനത്തിൽ ലഭിച്ച മുഴുവൻ തുകയും ഗ്രാമ പഞ്ചായത്തിന്റെ തനത് ഫണ്ട് അക്കൗണ്ടിലേക്ക് ക്രഡിറ്റ് ചെയ്ത് വിവരം അറിയിക്കേണ്ടതാണ്. കൂടാതെ മുൻ വർഷങ്ങളിലുംഓഡിറ്റ് വർഷത്തിലും ഇ- ടെണ്ടറിന്റെ ഭാഗമായി എക്സി. എഞ്ചിനീയറുടെ അക്കൗണ്ടിൽ ക്രഡിറ്റ് ചെയ്തിട്ടുള്ള ടെണ്ടർ ഫീ ഇനത്തിലുള്ള വരവ് തുക ഗ്രാമ പഞ്ചായത്തിന് തിരികെ ലഭിച്ചതിന്റെ വിവരവും ലഭ്യമാക്കേണ്ടതാണ്.

(ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ - 11/30.3.2023 ന് മറുപടി ലഭ്യമാക്കിയിട്ടില്ല )

## 1-14 മരുന്നുകൾ മുഴുവൻ ലഭ്യമായില്ല

ക്രമ നമ്പർ-1

| | |
|---|---|
| പ്രോജെക്റ്റ് | 74 (അവയവം മാറ്റി വെച്ച രോഗികൾക്കും ഡയാലിസിസ് രോഗികൾക്കും മരുന്ന് വാങ്ങൽ) |
| അടങ്കൽ | 500000 രൂപ (മെയിന്റനൻസ് ഫണ്ട് നോൺ റോഡ്) |
| ചെലവ് | 499848 |
| നിർവഹണം | മെഡിക്കൽ ഓഫീസർ പി എച്ച് സി |

മേൽ പ്രോജെക്റ്റ് പ്രകാരം മരുന്ന് വാങ്ങുന്നതിന് 1,72,580 രൂപ കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷനിൽ അടവാക്കിയിട്ടുണ്ട്. (ബിആർഎൻ 2115115202730029844/12.08.21) 1,43,104രൂപയുടെ മരുന്നുകൾ മാത്രമാണ് ലഭ്യമായിട്ടുള്ളത്. 29,476 രൂപയുടെ മരുന്നുകൾ കൂടി ലഭ്യമാകുവാൻ അവശേഷിക്കുന്നു.വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| തുക നൽകിയതിന്റെ വിവരം | | മരുന്ന് ലഭിച്ചതിന്റെ വിവരം | |
|---|---|---|---|
| ഇൻവോയ്സ് നമ്പർ | തുക | ഇൻവോയ്സ് നമ്പർ | തുക |
| PRF 1496/03.08.21 | 1,72,580 | 6020/13.09.21 | 72,439 |
| | | 6152/15.09.21 | 33,061 |
| | | 8101/29.10.21 | 30,318 |
| | | 12252/03.02.22 | 7286 |
| | | ആകെ | 1,43,104 |

ക്രമനമ്പർ- 2

| | |
|---|---|
| പ്രോജെക്റ്റ് | 115 (കോവിഡ് രേഗികൾക്ക് മരുന്നും ഉപകരണങ്ങളും വാങ്ങൽ) |
| അടങ്കൽ | 100000 രൂപ ( പൊതു വിഭാഗം സാധാരണവിഹിതം) |
| ചെലവ് | 99921 രൂപ |
| നിർവഹണം | മെഡിക്കൽ ഓഫീസർ പി എച്ച് സി |

മേൽ പ്രോജെക്റ്റ് പ്രകാരം മരുന്ന് വാങ്ങുന്നതിന് 17369 രൂപ (PRF4794/13.01.22) ബി.ആർ.എൻ. 2115115202730097440б/1901.22 പ്രകാരവും 43304 രൂപ (PRF4795/13.01.22), ബിആർഎൻ 211511520273009744l0/19.01.22 പ്രകാരവും കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷനിൽ അടവാക്കിയിട്ടുണ്ട്. എന്നാൽ മരുന്നുകൾ ഇനിയും ലഭ്യമാകുവാൻ അവശേഷിക്കുന്നു.വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| തുക നൽകിയതിന്റെ വിവരം | | മരുന്ന് ലഭിച്ചതിന്റെ വിവരം | |
|---|---|---|---|
| ഇൻവോയ്സ് നമ്പർ | തുക | ഇൻവോയ്സ് നമ്പർ | തുക |
| PRF4794/13.01.22 | 17369 | 5248/30.06.22 | 421 |
| PRF 4795/13.01.2022 | 43304 | 641/20.04.22 | 6030 |
| | 60673 | ആകെ | 6451 |

PRF4794 പ്രകാരം അടവാക്കിയ തുകയിൽ 16948 രൂപയുടെയും PRF4795 പ്രകാരം അടവാക്കിയ തുകയിൽ 37274 രൂപയുടെയും മരുന്നുകൾ ലഭ്യമാകുവാൻ അവശേഷിക്കുന്നു.

ക്രമനമ്പർ-3

| | |
|---|---|
| പ്രോജെക്റ്റ് | 31 (പാലിയേറ്റീവ് കെയർ) |
| അടങ്കൽ | 624550 രൂപ (പൊതു വിഭാഗം സാധാരണവിഹിതം)+ 175450(തനത് ഫണ്ട്) |
| ചെലവ് | 620544 രൂപ (പൊതു വിഭാഗം സാധാരണവിഹിതം)+ 108859(തനത് ഫണ്ട്) |
| നിർവഹണം | മെഡിക്കൽ ഓഫീസർ പി എച്ച് സി |

മേൽ പ്രോജെക്റ്റ് പ്രകാരം മരുന്ന് വാങ്ങുന്നതിന് 134354 രൂപ ബിആർഎൻ 2115115202730057921 4/28.10.21 പ്രകാരം കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷനിൽ അടവാക്കിയിട്ടുണ്ട്. എന്നാൽ മരുന്നുകൾ ഇനിയും ലഭ്യമാകുവാൻ അവശേഷിക്കുന്നു.വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| തുക നൽകിയതിന്റെ വിവരം | | മരുന്ന് ലഭിച്ചതിന്റെ വിവരം | |
|---|---|---|---|
| ഇൻവോയ്സ് നമ്പർ | തുക | ഇൻവോയ്സ് നമ്പർ | തുക |
| PRF2805/21.10.21 | 134354 | 9752/08.12.21 | 9035 |
| | | 861/08.12.21 | 9517 |
| | | 12243/03.02.22 | 13958 |
| | | 15320/30.03.22 | 48072 |
| | | 649/20.04.2022 | 15928 |
| | | 3873/07.06.2022 | 2221 |
| | | 8637/19.08.2022 | 3631 |
| | | 15720/03.11.2022 | 1769 |
| | | 16688/10.11.2022 | 4539 |
| | | 22994/13.01.2023 | 3325 |
| | | ആകെ | 111995 |

22359 രൂപയുടെ മരുന്നുകൾ കൂടി ലഭ്യമാകുവാൻ അവശേഷിക്കുന്നു.
മരുന്നുകൾ ലഭ്യമാക്കുവാൻ സ്വീകരിച്ച നടപടികളുടെ വിവരം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 5/28.03.2023ന്) മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ മരുന്നുകൾ ലഭ്യമാക്കാനുള്ള തുടർ നടപടികൾ സ്വീകരിക്കുകയും ആയത് ലഭ്യമാകുന്ന മുറക്ക് സ്റ്റോക്ക് ഇഷ്യൂ വിവരം ഓഡിറ്റിന് ലഭ്യമാക്കുകയുംചെയ്യേണ്ടതാണ്.

## 1-15 റോഡിന്റെ തരം തെറ്റായി രേഖപ്പെടുത്തി, വസ്തു നികുതി നിർണ്ണയിച്ചു

2011 ലെ കേരളാ പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 6 ലെ പട്ടിക 2 പ്രകാരം കെട്ടിടത്തിലേക്കുള്ള വഴിസൗകര്യത്തിന്റെ അടിസ്ഥാനത്തിലുള്ള നികുതി ഇളവും വർദ്ധനവും വ്യക്തമാക്കിയിട്ടുണ്ട്. ഇതുപ്രകാരം 5 മീറ്ററോ അതിൽ കൂടുതലോ വീതിയുള്ള റോഡിൽ നിന്നും പ്രവേശനമാർഗ്ഗമുള്ള കെട്ടിടങ്ങൾക്ക് നികുതിയിൽ 20% വർദ്ധനവും 5 മീറ്ററിൽ കുറവും 1.5 മീറ്ററിൽ കൂടുതലും വീതിയുള്ള വഴി സൗകര്യമുള്ള കെട്ടിടങ്ങൾക്ക് നികുതിയിൽ ഇളവോ വർദ്ധനവോ ഇല്ല.

ഗ്രാമപഞ്ചായത്തിലെ 2021-22 സാമ്പത്തിക വർഷത്തിലെ വസ്തു നികുതിയുമായി ബന്ധപ്പെട്ട ഫയലുകൾ പരിശോധിച്ചപ്പോൾ ശ്രദ്ധയിൽ പെട്ട അപാകതകൾ ചുവടെ കൊടുക്കുന്നു.

1. 6-ാം വാർഡിൽ ശ്രീ.അബ്ദുള്ള പെരിങ്ങോട്ടുപുലം എന്നവർക്ക് (BAനമ്പർ:A24395/25.11.2020) വാണിജ്യാവശ്യത്തിനുള്ള കെട്ടിടത്തിന് വസ്തുനികുതി നിർണ്ണയിച്ചതിന്റെ ഫയൽ പരിശോധിച്ചതിൽ മേൽപ്രകാരമുള്ള വർദ്ധനവ് വരുത്തിയിട്ടില്ലയെന്ന് ശ്രദ്ധയിൽപ്പെട്ടു. നികുതി നിർണ്ണയിച്ചതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| കെട്ടിട നമ്പർ | 6/75 A |
| നിർണ്ണയിച്ച നികുതി യുടെ വിശദാംശങ്ങൾ | 106.23 X 50=5311.50<br>ഇളവ്- 10% (മേഖല)& 10% മേൽക്കൂര<br>വർദ്ധനവ്-ഇല്ല<br>ആകെ 4250+213 LC= 4463 |
| നിർണ്ണയിക്കേണ്ടിയിരുന്ന നികുതി | 106.23x50=5311.50<br>ഇളവ്- 10% (മേഖല)& 10% മേൽക്കൂര വർദ്ധനവ്-20% റോഡ്<br>=5311.50 + 265LC<br>5576 |
| കുറവ് | 5576-4463= 1113 |

കെട്ടിട ഉടമ സമർപ്പിച്ച പൂർത്തീകരണ പ്ലാൻ പ്രകാരം കെട്ടിടത്തിലേക്കുള്ള പ്രവേശനം നൽകിയിട്ടുള്ളത് മുൻവശത്തുള്ള 6മീറ്റർ വീതിയുള്ള റോഡിൽ നിന്നാണ്. എന്നാൽ നികുതി നിർണ്ണയിച്ചപ്പോൾ വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിലുള്ള വർദ്ധനവ് ഉൾപ്പെടുത്തിയിട്ടില്ല.

2. 11- ാം വാർഡിൽ ശ്രീ.അലവി ഹാജി എന്നവർക്ക് (BAനമ്പർ:A23345/03.09.2021) വാണിജ്യാവശ്യത്തിനുള്ള കെട്ടിടത്തിന് വസ്തുനികുതി നിർണ്ണയിച്ചതിന്റെ ഫയൽ പരിശോധിച്ചതിൽ മേൽപ്രകാരമുള്ള വർദ്ധനവ് വരുത്തിയിട്ടില്ലയെന്ന് ശ്രദ്ധയിൽപ്പെട്ടു. നികുതി നിർണ്ണയിച്ചതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| കെട്ടിട നമ്പർ | 11/279 N |
| നിർണ്ണയിച്ച നികുതി യുടെ വിശദാംശങ്ങൾ | 226.61 X 50=11330.5<br>ഇളവ്- 20%(തൃതീയമേഖല)& 10% മേൽക്കൂര<br>വർദ്ധനവ്-ഇല്ല<br>ആകെ 7932+397 LC<br>8329 |
| നിർണ്ണയിക്കേണ്ടിയിരുന്ന നികുതി | 226.61 X 50=11330.5<br>ഇളവ്- 20% (തൃതീയ മേഖല)& 10% മേൽക്കൂര വർദ്ധനവ്-20% റോഡ്<br>=10198+ 509LC<br>10707 |
| കുറവ് | 2378 (10707-8329) |

കെട്ടിട ഉടമ സമർപ്പിച്ച പൂർത്തീകരണ പ്ലാൻ പ്രകാരം കെട്ടിടത്തിലേക്കുള്ള പ്രവേശനം നൽകിയിട്ടുള്ളത് മുൻവശത്തുള്ള7.95 മീറ്റർ വീതിയുള്ള റോഡിൽ നിന്നാണ്. എന്നാൽ നികുതി നിർണ്ണയിച്ചപ്പോൾ വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിലുള്ള വർദ്ധനവ് ഉൾപ്പെടുത്തിയിട്ടില്ല.

മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 8/29.03.2023 ന്) നൽകിയ മറുപടിയിൽ അപാകത ഓഫീസിൽ ക്ലറിക്കൽ മിസ്റ്റേക്ക് മൂലം സംഭവിച്ചതാണെന്നും സോഫ്റ്റ് വെയറിൽ പ്യൂരിഫിക്കേഷൻ അനുവദിക്കുന്ന സമയത്ത് നികുതി ക്രമീകരിച്ച് പുതുക്കിയ നിരക്കിലുള്ള നികുതി ഈടാക്കുന്നതുമാണെന്ന് അറിയിച്ചിട്ടുണ്ട്.നികുതി ഈടാക്കിയതിലെ അപാകത തിരുത്തി മേൽ വ്യക്തികളിൽ നിന്ന് നികുതി പിരിവിൽ സംഭവിച്ച

നഷ്ടം തിരിച്ച് പിടിച്ച് വിവരം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

## 1-16 വസ്തു നികുതി ഈടാക്കിയതിൽ കുറവ്

കോഡൂർ ഗ്രാമ പഞ്ചായത്തിൽ 2020-2021 സാമ്പത്തിക വർഷത്തിൽ ബി.എ നമ്പർ A2-3948/04.10.21(permit No.A2-4108/20) പ്രകാരം ഊരാത്തൊടി മൊയ്തീൻ,അബ്ദു റഹീം, മുഹമ്മദ് ബഷീർ,ഹംസ എന്നിവർക്ക് 421.24 ച.മീറ്റർ വിസ്തീർണ്ണമുള്ള ബിൽഡിംഗിന് നമ്പർ അനുവദിച്ചിട്ടുണ്ട്. ആയതിന്റെ വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ.നം | മുറികൾക്ക് അനുവദിച്ച നമ്പർ | മുറികളുടെ വിസ്തീർണ്ണം(ചതുരശ്ര മീറ്ററിൽ) | ചതുരശ്രമീറ്ററിന് ഈടാക്കിയ തുക |
|---|---|---|---|
| 1 | 186-A | 86.83 | 30 |
| 2 | 186-B | 86.83 | 30 |
| 3 | 186-C | 247.58 | 50 |

ലൈസൻസ് രജിസ്റ്റർ പ്രകാരം(രജിസ്റ്റർ ക്രമ.നമ്പർ:280) മേൽ ബിൽഡിംഗിൽ ഹംസ മങ്കരത്തൊടി എന്ന ലൈസൻസി 9/186 A,B,C കെട്ടിട നമ്പറിലുള്ള റൂമുകളിൽ സൂപ്പർ മാർക്കറ്റ് പ്രവർത്തിപ്പിക്കുന്നതായി രേഖപ്പെടുത്തിയിട്ടുണ്ട്. കോഡൂർ ഗ്രാമ പഞ്ചായത്ത് വിജ്ഞാപന പ്രകാരം 200 ചതുരശ്ര മീറ്ററിന് മുകളിൽ തറ വിസ്തീർണ്ണമുള്ള സൂപ്പർ മാർക്കറ്റുകൾക്ക് ചതുരശ്ര മീറ്ററിന് 70 രൂപയാണ് നികുതി നിശ്ചയിച്ചിട്ടുള്ളത്.എന്നാൽ ടി ബിൽഡിംഗിന്റെ വസ്തു നികുതി ഈടാക്കിയതിൽ ചുവടെ കൊടുക്കുന്നത് പ്രകാരം കുറവ് കാണുന്നു.

| | |
|---|---|
| കെട്ടിട നമ്പർ | 9/186 A |
| നിർണ്ണയിച്ച നികുതി യുടെ വിശദാംശങ്ങൾ | 86.83 X 30=2604<br>ഇളവ്-10%(ദ്വിതീയമേഖല)<br>വർദ്ധനവ്-20%(വഴി)<br>ആകെ 2866+144 LC<br>3010 |
| നിർണ്ണയിക്കേണ്ടിയിരുന്ന നികുതി | 86.83 X 70=6078<br>ഇളവ്-10%(ദ്വിതീയമേഖല)<br>വർദ്ധനവ്-20%(വഴി)<br>=6685+ 334LC<br>7019 |
| നികുതി നിർണ്ണയിച്ചതിലെ കുറവ് | 4009 |
| കെട്ടിട നമ്പർ | 9/186 B |
| നിർണ്ണയിച്ച നികുതി യുടെ വിശദാംശങ്ങൾ | 86.83 X 30=2604<br>ഇളവ്-10%(ദ്വിതീയമേഖല)<br>വർദ്ധനവ്-20%(വഴി)<br>ആകെ 2866+144 LC<br>3010 |
| നിർണ്ണയിക്കേണ്ടിയിരുന്ന നികുതി | 86.83 X 70=6078<br>ഇളവ്-10%(ദ്വിതീയമേഖല)<br>വർദ്ധനവ്-20%(വഴി)<br>=6685+ 334LC<br>7019 |
| നികുതി നിർണ്ണയിച്ചതിലെ കുറവ് | 4009 |

| | |
|---|---|
| കെട്ടിട നമ്പർ | 9/186 C |
| നിർണ്ണയിച്ച നികുതി യുടെ വിശദാംശങ്ങൾ | 247.58x 50=12379<br>ഇളവ്-<br>10%(ദ്വിതീയമേഖല)<br>വർദ്ധനവ്-20%(വഴി)<br>13617<br>ബഹുനിലഇളവ് 5%=<br>ആകെ 12937+647LC<br>13584 |
| നിർണ്ണയിക്കേണ്ടിയിരുന്ന നികുതി | 247.58x 70=17330.6<br>ഇളവ്-<br>10%(ദ്വിതീയമേഖല)<br>വർദ്ധനവ്-20%(വഴി)<br>19063.66<br>ബഹുനിലഇളവ് 5%=953<br>ആകെ 18110+905LC<br>19015 |
| നികുതി നിർണ്ണയിച്ചതിലെ കുറവ് | 5431 |

മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 10/30.03.2023 ന് നൽകിയ മറുപടി പ്രകാരം വസ്തു നികുതി ഈടാക്കിയതിലെ കുറവ് സഞ്ചയ സോഫ്റ്റ് വെയറിൽ ക്രമീകരിച്ച് പുതുക്കിയ നിരക്ക് ഈടാക്കി ലഭ്യമാക്കി വിവരം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

## 1-17 ബെയിലിംഗ് മെഷീൻ ഇൻസ്റ്റാൾ ചെയ്തിട്ടില്ല.

നിർവ്വഹണം : അസിസ്റ്റന്റ് സെക്രട്ടറി

പ്രൊജക്ട് : ഹരിത കർമ്മ സേനയ്ക്ക് ബെയിലിംഗ് മെഷീനും ഫർണീച്ചറും വാങ്ങൽ

ബിൽ : XVFC/2021-22/P/87 /23.3.22: 60230/- (ഫർണീച്ചർ)

XVFC/2021-22/P/95 /31.3.22: 457250/- (ബെയിലിംഗ് മെഷീൻ)

ഫണ്ട് : ധനകാര്യ കമ്മീഷൻ ഗ്രാന്റ്

പ്രൊജക്ട് പ്രകാരം ടെണ്ടർ നടപടികൾ സ്വീകരിച്ച് പ്രകൃതി ഗ്രൂപ്പ് ആലുവയിൽ നിന്നും (ഇൻവോയ്സ് നം. 85/28.3.22) 457250 രൂപ ചെലവഴിച്ച് ബെയിലിംഗ് മെഷീൻ വാങ്ങിയിട്ടുണ്ട്. 30.3.2023 തിയ്യതിയിൽ നടത്തിയ സൈറ്റ് പരിശോധനയിൽ പ്രസ്തുത ബെയിലിംഗ് മെഷീൻ നൂറാടിയിലുള്ള MCF സെന്ററിൽ മാലിന്യങ്ങൾ നിറച്ച ചാക്കുകളാൽ മൂടപ്പെട്ട് പുറത്ത് കാണാൻ പറ്റാത്ത അവസ്ഥയിലാണെന്ന് വ്യക്തമായി. ആയത് പർച്ചേസ് ചെയ്യുന്ന വേളയിൽ MCF സെന്ററിൽ വൈദ്യുതി കണക്ഷൻ ലഭിച്ചിട്ടില്ലായിരുന്നുവെന്നും അറിഞ്ഞു. യന്ത്രത്തിന്റെ വാറന്റി കാലാവധിയിൽ ആയത് പ്രവർത്തിപ്പിക്കാതെ നശിക്കാൻ വിടുന്ന സ്ഥിയിലാണുള്ളത്. സപ്ലൈ ചെയ്ത കമ്പനിക്ക് തദ്സമയം ഇൻസ്റ്റലേഷന് അവസരം സൃഷ്ടിക്കാതെ ആയതിന് വേണ്ടി അധികച്ചെലവ് വരാനും സാധ്യതയുണ്ട്.

ബെയിലിംഗ് മെഷീൻ ഇൻസ്റ്റാൾ ചെയ്യാതെ നശിക്കാനിടയാക്കുന്നത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

മറ്റ് അപാകത:

ജി.എസ്.ടി-ടി.ഡി.എസ് നടത്തിയ 7750 രൂപ പ്രകൃതി ഗ്രൂപ്പ് ആലുവയ്ക്ക് തന്നെയാണ് ഒടുക്കിയിരിക്കുന്നത്. പ്രസ്തുത തുക തിരിച്ച് പിടിച്ച വിവരം ലഭ്യമാക്കിയിട്ടില്ല.

പ്രസ്തുത അപാകത സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി (നം.17/31.03.2023)ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. 7750 രൂപ തിരികെ ഈടാക്കേണ്ടതും ബെയിലിംഗ് മെഷീൻ ഇൻസ്റ്റാൾ ചെയ്യുന്നതിന് അടിയന്തിര നടപടി സ്വീകരിക്കേണ്ടതുമാണ്.

## 1-18 വനിതകൾക്ക് സ്വയം പ്രതിരോധം- കളരി പരിശീലനം സംബന്ധിച്ച്

പ്രൊജക്ട് :103/22 വനിതകൾക്ക് സെൽഫ് ഡിഫൻസ് പ്രോഗ്രാം.

നിർവ്വഹണം: ICDS സൂപ്പർവൈസർ,
ചെലവ്

ചെക്ക് നം:JM-5891261/4.1.22 : 40,000 രൂപ (തനത് ഫണ്ട്)

033924/ 31.3.2023: 6840( അനുബന്ധ ചെലവുകൾ) (തനത് ഫണ്ട്)

പ്രസ്തുത പ്രൊജക്ട് പ്രകാരം രണ്ട് ബാച്ചുകളിലായി വിദ്യാർത്ഥിനികളുൾപ്പെടെയുള്ളവർക്ക് കൊളത്തൂർ വല്ലഭട്ട കളരിസംഘത്തിലെ ശ്രീമതി സജിനി ആകെ 40 മണിക്കൂർ പരിശിലനം നൽകിയതിന് 40,000 രൂപ പ്രതിഫലം നൽകിയിട്ടുണ്ട്. (മണിക്കൂറിന് 1000 രൂപ നിരക്കിൽ) .അനുബന്ധ ചെലവുകൾക്ക് 6840 രൂപയും ചെലവഴിച്ചിട്ടുണ്ട്. കളരി പരിശീലനം സംബന്ധിച്ച് സബ്സിഡി മാർഗ്ഗ രേഖയിൽ നിരക്കും അനുമതിയും സംബന്ധിച്ച് പരാമർശമില്ലാത്തതാണ്. ആയതിനാൽ സർക്കാരിൽ നിന്ന് മുൻകൂർ അനുമതി ലഭ്യമാക്കി പദ്ധതി നടപ്പിലാക്കേണ്ടിയിരുന്നു. സർക്കാർ അനുമതി ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടില്ല.

കളരി പരിശീലനം സംബന്ധിച്ച് നിരക്കുകൾ പ്രതിപാദിച്ച് സർക്കാർ പ്രത്യേക ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ പകർപ്പ് പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതിന് ഓഡിറ്റ് അന്വേഷണം (നം. 18/ 31.3.2023) നൽകി. മറുപടി ലഭ്യമാക്കിയിട്ടില്ല. മണിക്കൂറിന് 1000 രൂപ നിരക്കിൽ പ്രതിഫലം നൽകി കളരി പരിശീലനം നടത്തിയതിന്റെ അനുമതി പത്രം ലഭ്യമാക്കുന്നതു വരെ 46840 രൂപയുടെ ചെലവ് തടസ്സം ചെയ്യുന്നു.

## 1-19 അംഗനവാടികൾക്ക് മിക്സിയും പാത്രങ്ങളും വാങ്ങൽ -കുറഞ്ഞ നിരക്കിലുള്ളവ തഴയപ്പെട്ടു

പ്രൊജക്ട് :104/22 അംഗനവാടികൾക്ക് മിക്സിയും പാത്രങ്ങളും വാങ്ങൽ

നിർവ്വഹണം: ICDS സൂപ്പർവൈസർ,
ചെലവ്

ബിൽ നം : 21151152027200807071/18.12.21 :1,99,992 രൂപ (വികസനഫണ്ട്- ജനറൽ)

പ്രസ്തുത പ്രൊജക്ട് പ്രകാരം സ്റ്റീൽ ഹൗസ്, ഊരകം കീഴ്മുറിയിൽ നിന്ന് മിക്സികളും പാത്രങ്ങളും വാങ്ങിയിട്ടുണ്ട്. ISIമാർക്കുൾപ്പെടെയുള്ള നിബന്ധനകൾ ടെണ്ടർ നോട്ടീസിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. മിക്സി-3675രൂപ , ഇഡ്ലി ചെമ്പ്-950രൂപ, ദോശക്കല്ല്-480രൂപ, പ്ലേറ്റ്-85രൂപ, ഗ്ലാസ്-26രൂപ എന്നീ നിരക്കിലാണ് വാങ്ങിയിട്ടുള്ളത്. ലഭ്യമായ ടെണ്ടറുകളിൽ പ്രസ്തുത നിരക്കിലും കുറവ് രേഖപ്പെടുത്തിയവയും കാണുന്നു. ഉദാ:-

റാണി മെറ്റൽ സ്റ്റോർ ,കോഴിക്കോട് മിക്സി- 3150/, ഹെഡ്കോ പന്തീരങ്കാവ്, ഇഡ്ഡലി ചെമ്പ്- 635, ദോശക്കല്ല്- 185/-, പ്ലേറ്റ്-62/-, ഗ്ലാസ്-13/- .

പർച്ചേസ് കമ്മിറ്റി ഗുണനിലവാരമുള്ളവയാണെന്ന് വിലയിരുത്തി സ്റ്റീൽ ഹൗസ്, ഊരകം കീഴ് മുറിയിൽ നിന്ന് വാങ്ങുന്നതിന് തീരുമാനിച്ചതായി മിനുട്സിൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ഗുണനിലവാരം നിർണ്ണയിച്ചതിനാധാരമായ ഏതെങ്കിലും അതോറിറ്റിയുടെ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.

അംഗീകൃത അതോറിറ്റിയുടെ സാക്ഷ്യപത്രം കൂടാതെ കേവലം ഗുണനിലവാരം കൂടിയതെന്ന് വിലയിരുത്തി ഏറ്റവും കുറവായി രേഖപ്പെടുത്തിയ സ്ഥാപനങ്ങളുടെ ടെണ്ടർ തള്ളിയത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. ആയത് വരെ ചെലവ് തുക 1,99,992 തടസ്സം ചെയ്യുന്നു.

ഓഡിറ്റ് എൻക്വയറി (നം. 19/31.3.2023)ക്ക് മറുപടി ലഭ്യമായിട്ടില്ല.

## 1-20 സർക്കാർ ഉത്തരവിനു വിരുദ്ധമായി ആർജിതാവധി പണമാക്കി നൽകിയത് -തുക തിരികെ ഈടാക്കേണ്ടതാണ്

1. 2020-21 സാമ്പത്തിക വർഷത്തിൽ, സർക്കാർ, അർധ-സർക്കാർ, സർവകലാശാലാ, പൊതുമേഖലാ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ ആർജിതാവധി പണമാക്കി മാറ്റുന്നതിനുള്ള (Periodical Surrender Of Earned Leave) അവകാശം 3 മാസത്തേക്ക് മാറ്റി വെച്ചു കൊണ്ട്, GO (P) No.42/2020/Fin. Dated 16.04.2020 നമ്പർ പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. മേൽ പറഞ്ഞ ഉത്തരവ് തീയ്യതി മുതൽ 3 മാസത്തേക്ക് ഈ അവകാശം മാറ്റിവെക്കുന്നു എന്നായിരുന്നു സർക്കാർ ഉത്തരവിൽ പറഞ്ഞിരുന്നത്. 27.04.2020-ലെ GO(P) No. 49/2020/Fin. ഉത്തരവ് മുഖേന താൽക്കാലിക ജീവനക്കാരെക്കൂടി മേൽ ഉത്തരവിന്റെ പരിധിയിൽ ഉൾപ്പെടുത്തി.

2. 17.07.2020 -ലെ GO(P) No. 94/2020/Fin നമ്പർ ഉത്തരവിലൂടെ മേൽ പറഞ്ഞ ഖണ്ഡികയിലെ ഉത്തരവ് പ്രകാരമുള്ള കാലാവധി 15.09.2020 വരെ വീണ്ടും ദീർഘിപ്പിച്ച് ഉത്തരവായി.

3. മേൽ പറഞ്ഞ രണ്ട് ഉത്തരവുകളിലൂടെ കാലാവധി ദീർഘിപ്പിക്കപ്പെട്ട, ആർജിതാവധി സറണ്ടർ ആനുകൂല്യം, പി.എഫിൽ ലയിപ്പിക്കേണ്ടതാണെന്ന വ്യവസ്ഥയിൽ 2020 നവംബർ മാസം മുതൽ അനുവദിക്കുന്നതാണെന്നും, ഇപ്രകാരം ലയിപ്പിക്കുന്ന തുക 2021 ജൂൺ 1 മുതൽ മാത്രമേ അനുവദിക്കുകയുള്ളൂ എന്നും 05.11.2020- ലെ സ.ഉ.(അ) നം. 152/2020/ ധന.

ഉത്തരവിലൂടെ സർക്കാർ വ്യക്തമാക്കിയിരുന്നു.

(ആർജിതാവധി സറണ്ടർ ആനുകൂല്യം മരവിപ്പിച്ച നടപടി 01.06.2021 മുതൽ 6 മാസത്തേക്കു കൂടി ദീർഘിപ്പിച്ചു കൊണ്ട് വീണ്ടും GO(P) No. 104/2021/ Fin. Dated 26/07/2021 നമ്പർ പ്രകാരം സർക്കാർ ഉത്തരവിട്ടു. GO(P) No. 160/2021/ Fin. Dated 01/12/2021 പ്രകാരം ഇത് 31.03.2022 വരെ വീണ്ടും ദീർഘിപ്പിച്ചു.

ചുരുക്കത്തിൽ, ആർജിതാവധി പണമാക്കി മാറ്റുന്നതിനുള്ള ജീവനക്കാരുടെ അവകാശം, മേൽ പറഞ്ഞ വിവിധ ഉത്തരവുകളിലൂടെ മാറ്റിവെക്കപ്പെട്ടിട്ടുണ്ടെന്നിരിക്കെ, സർക്കാർ ഉത്തരവിനു വിരുദ്ധമായി ശ്രീ അനൂപ്.കെ. അക്കൗണ്ടന്റിന് വൗച്ചർ നം. 22100626/ Dated,01.12.2021 (ചെക്ക് നം. 1602653LGTSB 457/01.12.21) പ്രകാരം 53058 രൂപ ആർജിതാവധി പണമാക്കി മാറ്റി നൽകിയത് അംഗീകരിക്കുന്നില്ല. ഇത് സംബന്ധിച്ച് വിശദീകരണമാരാഞ്ഞുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് ( നമ്പർ 15/31.03.2023) മറുപടി നൽകുകയോ തുക തിരിച്ചടക്കുകയോ ചെയ്തിട്ടില്ല. ആയതിനാൽ ടി തുക ടിയാനിൽ നിന്നോ അല്ലാത്ത പക്ഷം തുകയനുവദിച്ച സെക്രട്ടറിയിൽ നിന്നോ ഈടാക്കി തനത് ഫണ്ടിലൊടുക്കി വിവരമറിയിക്കേണ്ടതാണ്.

## 1-21 സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനത്തിന്റെ നടത്തിപ്പ് -അപാകതകൾ

കോഡൂർ ഗ്രാമ പഞ്ചായത്തിന്റെ നിയന്ത്രണത്തിലും മേൽ നോട്ടത്തിലും ഗ്രാമ പഞ്ചായത്ത് കാര്യാലയത്തിന്റെ കെട്ടിടത്തിൽ പ്രവർത്തിക്കുന്ന സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനത്തിന്റെ നടത്തിപ്പുമായി ബന്ധപ്പെട്ട് അംഗീകരിക്കപ്പെട്ട ബൈലോ( പ്രവർത്തന മാർഗ്ഗരേഖ) യിൽ താഴെ പറയുന്ന രേഖകൾ പരിപാലിക്കണമെന്ന് നിർദേശിച്ചിട്ടുണ്ട്. (പഞ്ചായത്ത് ഡയറക്ടറുടെ 15.10.2022 ലെ PAN/4694/2021-C6(DP) നമ്പർ ഉത്തരവ് പ്രകാരം അംഗീകരിക്കപ്പെട്ട നിയമാവലി)

1. സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനം അതിന്റെ വരവുമായി ബന്ധപ്പെട്ട രശീതി ബുക്കുകളുടെ സ്റ്റോക്ക്- ഇഷ്യൂ രജിസ്റ്റർ.

2. ബാങ്ക് പാസ്സ് ബുക്കുകൾ

3. മാനേജിംഗ് കമ്മിറ്റി മിനുട്സ് ബുക്ക്

4. അക്കൗണ്ട് ബുക്ക് ( വരവ്,ചെലവ്, മിച്ചം)

5. വൗച്ചർ ഫയൽ

6. ചെക്ക് ബുക്ക്

7.അക്വിറ്റൻസ് റോൾ

8. അക്കാദമിക് കൗൺസിൽ മിനുട്സ് ബുക്ക്

9. രശീതി ബുക്കുകൾ

10. എൻക്വയറി രജിസ്റ്റർ

11. അഡ്മിഷൻ രജിസ്റ്റർ

12. സർട്ടിഫിക്കറ്റ് രജിസ്റ്റർ

13. സന്ദർശക രജിസ്റ്റർ

14. അഭിപ്രായങ്ങളും നിർദേശങ്ങളും രജിസ്റ്റർ
മേൽ പറഞ്ഞ രേഖകളുടെ പരിശോധനയിൽ കണ്ടെത്തിയ പ്രധാന അപാകതകൾ താഴെ പറയുന്നു.
1. സ്ഥാപനം നൽകുന്ന കോഴ്സുകൾ, അക്ഷയസേവനങ്ങൾ, മറ്റു സേവനങ്ങൾ എന്നിവയുടെ ഫീസ് പിരിക്കുന്ന രശീതി ബുക്കുകൾക്ക് സ്റ്റോക്ക്- ഇഷ്യൂ രജിസ്റ്റർ സൂക്ഷിക്കുന്നില്ല. സ്ഥാപനം തന്നെ രസീതി ബുക്കുകൾ അച്ചടിപ്പിച്ച് സൂക്ഷിക്കുകയും ഉപയോഗിക്കുകയും ഒരു കളക്ഷൻ രജിസ്റ്ററിലെ രേഖപ്പെടുത്തൽ വരുത്തി തുക ഫ്രണ്ട് ഓഫീസിൽ അടവാക്കുകയും ചെയ്യുകയാണ് ചെയ്യുന്നത്. ഉപയോഗിക്കുന്ന രസീതി ബുക്കുകൾക്ക് കൃത്യമായ സ്റ്റോക്കും കണക്കും സൂക്ഷിക്കാത്തതിനാൽ സാമ്പത്തിക ദുരുപയോഗം നടക്കുന്നില്ല എന്നുറപ്പു വരുത്താനാവില്ല.
2. നിയമാവലിയിലെ നിർദേശപ്രകാരം പഞ്ചായത്ത് പരിപാലിച്ചു പോരേണ്ട അക്കൗണ്ട് ബുക്ക് ( വരവ്,ചെലവ്, മിച്ചം) പരിപാലിക്കാത്തതിനാൽ വരവും -ചെലവും തമ്മിലുള്ള വ്യത്യാസം കാലാകാലങ്ങളിൽ നിരീക്ഷിക്കുക സാധ്യമല്ല.
3. ഉപയോഗിച്ചുകൊണ്ടിരിക്കുന്ന രസീതു ബുക്കുകളിലോ താളുകളിലോ ഗ്രാമപഞ്ചായത്തിന്റെ മുദ്ര പതിക്കുകയോ സെക്രട്ടറി / ചുമതലയുള്ള ഉദ്യോഗസ്ഥൻ ഒപ്പുവെക്കുകയോ ചെയ്യുന്നില്ല.
4. സ്ഥാപനം ഹാജരാക്കുന്ന കളക്ഷൻ രജിസ്റ്ററിലെ തുകയുടെ കൃത്യത പരിശോധിക്കാതെ ടി രജിസ്റ്ററിൽ രേഖപ്പെടുത്തിയ തുക ഫ്രണ്ട് ഓഫീസിൽ സ്വീകരിക്കുന്നതായിട്ടാണ് കാണുന്നത്.
5.പഞ്ചായത്തിനോട് സൂക്ഷിക്കാൻ നിർദേശിച്ച ക്രമനം.1 മുതൽ 6 വരെയുള്ളവയിൽ ബാങ്ക് പാസ്സ് ബുക്കുകൾ ഒഴികെ മറ്റു രേഖകൾ ഒന്നും തന്നെ പഞ്ചായത്ത് പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.
6. സ്ഥാപനം സൂക്ഷിക്കണമെന്ന് നിർദേശിക്കപ്പെട്ട ബാക്കി രേഖകൾ അക്വിറ്റൻസ് റോൾ ഉൾപ്പെടെയുള്ള രേഖകളൊന്നും തന്നെ കാലികമാക്കിട്ടില്ല. (ഓഡിറ്റ് അന്വേഷണക്കുറിപ്പ് നമ്പർ 9/30.03.2023)

ഓഡിറ്റ് നിർദേശങ്ങൾ

1. നിയമാവലിയിലെ നിർദേശങ്ങൾക്കും,കാലാകാലങ്ങളിൽ കൂട്ടിച്ചേർക്കപ്പെടുന്ന ഭേദഗതികൾക്കും അനുസൃതമായി രേഖകൾ പരിപാലിക്കുകയും കാലികമാക്കി സൂക്ഷിക്കുകയും ചെയ്യേണ്ടതാണ്.
2. സെക്രട്ടറിയോ അദ്ദേഹം ചുമതലപ്പെടുത്തുന്ന ഉദ്യോഗസ്ഥനോ കുറഞ്ഞത് 2 മാസത്തിലൊരിക്കലെങ്കിലും സ്ഥാപനം സന്ദർശിക്കുകയും രേഖകൾ കാലികമാക്കി സൂക്ഷിക്കുന്നുണ്ടെന്ന് പരിശോധിച്ചുറപ്പു വരുത്തുകയും ചെയ്യേണ്ടതാണ്.
3. വരവു മിച്ചം ഉറപ്പു വരുത്തുന്നതിനുതകുന്ന നൂതന മാർഗ്ഗങ്ങൾ ( സർക്കാർ അംഗീകൃത കോഴ്സുകൾ മറ്റു ഇലക്ട്രോണിക് അധിഷ്ഠിത കോഴ്സുകൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതുൾപ്പെടെ) സ്വീകരിക്കുകയും സ്ഥാപനത്തെ അഭിവൃദ്ധിപ്പെടുത്തുകയും ചെയ്യേണ്ടതാണ്.

മേൽ പറഞ്ഞ വസ്തുതകളിലേക്ക് ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധക്ഷണിക്കുന്നു

## 1-22 മുണ്ടക്കോട് നിരപ്പിൽ കുടിവെള്ള പദ്ധതിക്ക് പ്രഷർ ഫിൽറ്റർ- കേരള ജല അതോറിറ്റിക്ക് നൽകിയ തുക വിനിയോഗ സാക്ഷ്യ പത്രം ലഭ്യമാക്കേണ്ടതാണ്.

2021-22 സാമ്പത്തിക വർഷത്തിൽ 4ാം വാർഡിലെ മുണ്ടക്കോട്ട് നിരപ്പിൽ കുടിവെള്ള പദ്ധതിക്ക് പ്രഷർ ഫിൽറ്റർ സ്ഥാപിക്കുന്നതിന് വേണ്ടി 739562 രൂപ കേരള ജല അതോറിറ്റിക്ക് നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| | |
|---|---|
| പ്രൊജക്ട് നമ്പറും പേരും | 259/22- മുണ്ടക്കോട് നിരപ്പിൽ കുടിവെള്ള പദ്ധതിക്ക് പ്രഷർ ഫിൽറ്റർ- |
| അടങ്കൽ തുക, ഫണ്ടിനം | 1132355 ( ധനകാര്യക്കമ്മീഷൻ ഗ്രാന്റ് ) |
| ചെലവ് | 739562/- (Bill No. 405/26.03.2022) |
| നിർവഹണ ഏജൻസി | എക്സിക്യൂട്ടീവ് എഞ്ചിനീയർ,കേരള ജല അതോറിറ്റി, മലപ്പുറം. |
| നിർവഹണോദ്യോഗസ്ഥൻ | സെക്രട്ടറി, കോഡൂർ ഗ്രാമ പഞ്ചായത്ത് |
| നിർവഹണ ഏജൻസിയുടെ അക്കൗണ്ട് നമ്പർ | 67000676537 SBI |
| കേരള ജല അതോറിറ്റി, എസ്റ്റിമേറ്റ് നമ്പർ | 2022/12306 |

മേൽ പറഞ്ഞ തുകയുടെ വിനിയോഗ സാക്ഷ്യപത്രം പരിശോധനക്ക് ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നമ്പർ04/28.03.2023) ന് മറുപടി നൽകുകയോ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കുകയോ ചെയ്തില്ല. ആയതിനാൽ മേൽ പറഞ്ഞ ചെലവിന്റെ വിനിയോഗ സാക്ഷ്യ പത്രം ഹാജരാക്കുന്നത് വരെ 739562/-രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-23 മരാമത്ത് നിർവ്വഹണം- പൊതു അപാകതകൾ

2021-22 വർഷത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി ആകെ 120 പ്രൊജക്ടുകൾക്കാണ് അംഗീകാരം വാങ്ങിയത്. ഇതിൽ 95 പ്രൊജക്ടുകളിലായി ആകെ 2,87,39,205/- രൂപയാണ് ചെലവഴിച്ചത്.

| | | | |
|---|---|---|---|
| ആകെ പദ്ധതി | 120 | ആകെ അടങ്കൽ | ₹ 3,84,47,011 |
| നടപ്പിലാക്കിയത് | 95 | ചെലവ് | ₹ 2,87,39,205 |
| ശതമാനം | 79 | ചെലവ് ശതമാനം | 75 |

മേൽ പ്രൊജക്ടുകളുടെ രൂപീകരണം, നിർവ്വഹണം എന്നിവ പരിശോധിച്ചതിൽ താഴെ പറയുന്ന പൊതു അപാകതകൾ ശ്രദ്ധയിൽപ്പെട്ടു.

1 .പ്രവൃത്തി പൂർത്തീകരണ സമയം കരാറിൽ വ്യക്തമാക്കുന്നില്ല .

ടെണ്ടർ ഷെഡ്യൂളിൽ പരാമർശിച്ച പ്രവൃത്തിപൂർത്തീകരണ കാലയളവ് എത്ര എന്നും പ്രവൃത്തി വൈകിയാൽ ഏത് നിരക്കിൽ

പിഴ ഈടാക്കും എന്നതും കരാറുകാരുമായുള്ള ഉടമ്പടിയിൽ വ്യക്തമാക്കേണ്ടതാണ്. എന്നാൽ നിലവിൽ കരാറിൽ പ്രവൃത്തി പൂർത്തീകരണ കാലയളവ് എത്രയാണ് എന്ന് വ്യക്തമാക്കുന്നില്ല.

2. റോഡ് കണക്റ്റിവിറ്റി പ്ലാൻ തയ്യാറാക്കാതെ റോഡ് പ്രവൃത്തികൾ ഏറ്റെടുക്കുന്നു.

തദ്ദേശ ഭരണ സ്ഥാപനങ്ങൾ അവയുടെ അധികാര പരിധിയിൽ വരുന്ന റോഡുകൾ ഹൈവേയോടും മേജർ ജില്ലാ റോഡുകളുമായും ബന്ധിപ്പിക്കുന്നതും ഏറ്റവും ചെറിയ ജനവാസ കേന്ദ്രങ്ങളിൽ വരെ എത്തിച്ചേരുന്നതുമായ എല്ലാ റോഡുകളുടേയും ഒരു കണക്റ്റിവിറ്റി പ്ലാൻ (ശൃംഖല) തയ്യാറാക്കാൻ പദ്ധതി മാർഗ്ഗരേഖയിൽ നിർദ്ദേശമുള്ളതാണ്. നിലവിലുള്ള റോഡുകളുടെ വിപുലീകരണവും അറ്റകുറ്റപണിയും പുതിയ റോഡുകളുടെ നിർമ്മാണവും കണക്ടിവിറ്റി പ്ലാനിന്റെയടിസ്ഥാനത്തിൽ മാനദണ്ഡങ്ങളെ ആധാരമാക്കി മുൻഗണനാക്രമം നിശ്ചയിച്ച് വേണം തദ്ദേശ ഭരണ സ്ഥാപനങ്ങൾ ഏറ്റെടുക്കേണ്ടത്. മരാമത്ത് പ്രവൃത്തികളിൽ ഭൂരിഭാഗവും റോഡ് പ്രവൃത്തികളായിരുന്നിട്ടും ഗ്രാമ പഞ്ചായത്ത് കണക്ടിവിറ്റി പ്ലാനും മാപ്പും തയ്യാറാക്കിയിട്ടില്ല. കണക്റ്റിവിറ്റി പ്ലാനിന്റെ അഭാവത്തിൽ ഗ്രാമ പഞ്ചായത്തിൽ റോഡ് പ്രവൃത്തികളുടെ മുൻഗണനാക്രമം നിശ്ചയിച്ചിരുന്നത് എന്തടിസ്ഥാനത്തിലായിരുന്നു എന്ന് വ്യക്തമല്ല. റോഡ് കണക്ടിവിറ്റി പ്ലാനും മാപ്പും തയ്യാറാക്കുന്നതിൽ വികസന സ്റ്റാന്റിംഗ് കമ്മിറ്റി നേതൃത്വപരമായ പങ്ക് വഹിക്കേണ്ടതാണ്

3. ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല .

ഗ്രാമ പഞ്ചായത്ത് ആർജ്ജിച്ചതും കൈമാറിക്കിട്ടിയതുമായ എല്ലാ ആസ്തികളുടെയും വിവരം രേഖപ്പെടുത്തി ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

4. ആസ്തി സംരക്ഷണ പദ്ധതി സ്ഥാപനാടിസ്ഥാനത്തിൽ തയ്യാറാക്കിയിട്ടില്ല .

13- പദ്ധതിയുടെ ആദ്യ വാർഷിക പദ്ധതി തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖയിൽ( ജി.ഒ.(എം.എസ്.72/2017/ത.സ്വ.ഭ.വ, തീയതി-29-3-2017) ഓരോ തദ്ദേശ ഭരണസ്ഥാപനവും മെയിന്റനൻസ് ഫണ്ടും വകയിരുത്താൻ കഴിയുന്ന തനത് ഫണ്ടും ഉപയോഗപ്പെടുത്തി തദ്ദേശ ഭരണസ്ഥാപനത്തിന്റെ ഉടമസ്ഥതയിലും മേൽനോട്ടത്തിലും നിയന്ത്രണത്തിലുമുള്ള റോഡ്, റോഡിതര ആസ്തികളുടെ സംരക്ഷണത്തിന് ഒരു പ്രത്യേക ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കേണ്ടതാണെന്ന് സർക്കാർ നിർദ്ദേശിച്ചിരുന്നു. എന്നാൽ ഗ്രാമ പഞ്ചായത്ത് റോഡ്/ റോഡിതര ആസ്തികളുടെ സംരക്ഷണത്തിന് ഇത്തരത്തിൽ ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കിയിട്ടില്ല.

മേൽ അപാകതകൾ പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-24 ഡയാലിസിസ് രോഗികൾക്കുള്ള ധനസഹായം- ജില്ലാ പഞ്ചായത്ത് വിഹിതം - വിനിയോഗിക്കാത്ത തുക വിശദാംശങ്ങൾ ലഭ്യമാക്കിയില്ല

021-22 സാമ്പത്തിക വർഷത്തിൽ ഡയാലിസിസ് രോഗികൾക്ക് ധനസഹായം-ജില്ലാ പഞ്ചായത്തിന് വിഹിതം നൽകൽ എന്ന പ്രോജക്റ്റ് പ്രകാരം 112000 രൂപ മലപ്പുറം ജില്ലാ പഞ്ചായത്തിന് നൽകിയിട്ടുണ്ട്. പ്രോജക്റ്റ് സംബന്ധിച്ച വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| | |
|---|---|
| പ്രോജക്റ്റ് നമ്പറും പേരും | 239/22- ഡയാലിസിസ് രോഗികൾക്കുള്ള ധനസഹായം-ജില്ലാ പഞ്ചായത്ത് വിഹിതം |
| അടങ്കൽ തുക, ഫണ്ടിനം | 112000/- വികസന ഫണ്ട് ( ജ) |
| ചെലവ് | 112000/- (Bill. No. 321/14.03.2022) |
| നിർവഹണോദ്യോഗസ്ഥൻ | സെക്രട്ടറി കോഡൂർ ഗ്രാമ പഞ്ചായത്ത് |
| തുക സ്വീകരിച്ച ഏജൻസി | ജില്ലാ പഞ്ചായത്ത്, മലപ്പുറം |
| ജില്ലാ പഞ്ചായത്ത് ട്രഷറി അക്കൗണ്ട് നമ്പർ | 799013100000712, ജില്ലാ ട്രഷറി, മലപ്പുറം |

മേൽ പറഞ്ഞപ്രകാരം ജില്ലാ പഞ്ചായത്തിന് നൽകിയ തുകയിൽ 56000 രൂപ മാത്രമാണ് ചെലവഴിച്ചതെന്നും ചെലവഴിക്കാൻ സാധിക്കാതിരുന്ന ബാക്കി തുക 2075-00-911-94-00NV എന്ന ഹെഡ് ഓഫ് അക്കൗണ്ടിലേക്ക് ട്രഷറി മുഖേന ട്രാൻസ്ഫർ ചെയ്തിട്ടുള്ളതാണെന്നും ടി തുക സർക്കാരിൽ നിന്നും തിരികെ ലഭിക്കുന്നതിന് അപേക്ഷ നൽകിയിട്ടുണ്ടെന്നും ആയത് തിരികെ ലഭിക്കുന്ന മുറയ്ക്ക് തിരികെ നൽകുന്നതാണെന്നും ജില്ലാ പഞ്ചായത്ത് നൽകിയ ജി3-4014.2021/ 21.03.2023 നമ്പർ വിനിയോഗ സാക്ഷ്യ പത്രത്തിൽ പറഞ്ഞിട്ടുണ്ട്. ടി തുക നിലവിൽ തിരികെ ലഭിച്ചിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.( ഓഡിറ്റ് അന്വേഷണക്കുറിപ്പ് നമ്പർ 06/28.03.2023)

## 1-25 കൺവീനർ പ്രവൃത്തി- 5% കുറവ് ചെയ്യാതെ ബിൽ തുക നൽകി

ഗുണഭോക്തൃ സമിതികൾ മുഖേന നടപ്പാക്കുന്ന മരാമത്ത് പ്രവൃത്തികളിൽ , GST നിലവിൽ വന്ന ശേഷം വാറ്റ് ഒടുക്കേണ്ടതില്ലാത്തതിനാൽ ബിൽ തുക നൽകുമ്പോൾ എസ്റ്റിമേറ്റിൽ ഓവർഹെഡ് ചാർജ്ജ് ഇനത്തിൽ ഉൾപ്പെടുത്തിയ 7.5 ശതമാനത്തിൽ നിന്നും 5% തുക കുറവ് ചെയ്യേണ്ടതാണ് എന്ന് എൽ.എസ്.ജി.ഡി ചീഫ് എഞ്ചിനിയറുടെ 16.03.2018 തിയ്യതിയിലെ ഡി.ബി3-9058/17/സി.ഇ/ത.സ്വ.ഭ.വ നമ്പർ കത്തിൽ വ്യക്തമാക്കിയിട്ടുണ്ട്. കൂടാതെ ജി.എസ്.ടി അടവാക്കുന്നതിനുള്ള 12% തുക മൂല്യ നിർണ്ണയ തുകയോട് കൂട്ടി നൽകുകയും (GST Compensation) ചെയ്തിട്ടുണ്ട്. ആയതിനാൽ ഓവർഹെഡ് ചാർജ്ജിൽ നിന്നും 5% കുറവ് ചെയ്താണ് ബിൽ നൽകേണ്ടിയിരുന്നത്. ആയത് കുറവ് വരുത്താതെ ബിൽ തുക അനുവദിച്ചത് ക്രമ പ്രകാരമല്ല. അധിക ചെലവിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രൊജക്ട് | ചെമ്മങ്കടവ് ജി.എം.യു.പി.സ്കൂൾ പുനരുദ്ധാരണം [184/22] |
| ഫണ്ട്/അടങ്കൽ/ ചെലവ് | നോൺ റോഡ് മെയിന്റനൻസ് ഗ്രാന്റ്/990000 /986254 |
| ടി എസ് | LSGD/TS/2019-20/129860/27.1.2020<br>(Cl 31.06%) |
| ടി.എസ്. തുക | 1000000 |
| കരാർ | 108/2019-20/10.03.2020 |
| എം ബുക്ക് | 138/18-19 |
| കൺവീനർ | ശ്രീ,അബ്ദുസ്സലാം. ടി, ഹെഡ്മാസ്റ്റർ ജി.എം.യു.പി.എസ്, ചെമ്മങ്കടവ്. |
| ബിൽ നമ്പർ | 8/21-22/19.7.2021 |
| അധിക ചെലവിന്റെ വിവരം | |
| നൽകിയ തുക | 986254 |
| നൽകാവുന്ന തുക [5% കുറവ് ചെയ്ത്] | 940382 [Ie, 986254- (986254*5/107.5) ] |
| അധികം | 45872/- |

5% കുറവ് ചെയ്യാതെ കൺവീനർക്ക് ബിൽ തുക അനുവദിച്ചതിനാൽ 45872/- രൂപയുടെ അധിക ചെലവ് ഉണ്ടായിട്ടുണ്ട്.

( ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ- 7/2021-22/29.3.2023 ന് മറുപടി ലഭ്യമാക്കിയിട്ടില്ല)

## 1-26 അങ്കണവാടിയുടെ ഒന്നാം നിലയിൽ ഗ്രിൽ സ്ഥാപിക്കൽ - അധിക തുക നൽകി

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ മുണ്ടക്കോട് അങ്കണവാടി പുനരുദ്ധാരണം എന്ന പ്രവൃത്തിയുടെ ഭാഗമായി ഒന്നാം നിലയിൽ ഗ്രിൽ സ്ഥാപിക്കാൻ അവശേഷിക്കുന്ന ഭാഗത്ത് ഗ്രിൽ സ്ഥാപിച്ചതിന് DSR കോഡ് 9.48.1 പ്രകാരമുള്ള 195.79/Kg നിരക്ക് ആണ് നൽകിയിട്ടുള്ളത്. DSR അധ്യായം 9 (Sub Head 9) ന്റെ പേര് Wood & PVC Work എന്നാണ്. DSR അധ്യായം 10 ആണ് (Sub Head 10) സ്റ്റീൽ വർക്കിനെ സംബന്ധിച്ചുള്ളത്.ആയതിനാൽ തന്നെ ഈ ഡാറ്റ കെട്ടിടങ്ങളിൽ ജനലിന് (Fixed To Steel Windows By Welding) ഗ്രിൽ സ്ഥാപിക്കുന്നതിനുള്ളതാണ്. ആയതിനാൽ ഓപ്പൺ ഏരിയയിൽ ഗ്രിൽ സ്ഥാപിക്കുന്നതിന് DSR കോഡ് 10.25.2 പ്രകാരമുള്ള നിരക്കാണ് നൽകാവുന്നത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രവൃത്തി | അളവ് | നൽകിയ തുക | നൽകാവുന്ന തുക | അധികം (12%GST അടക്കം) |
|---|---|---|---|---|
| മുണ്ടക്കോട് അങ്കണവാടി പുനരുദ്ധാരണം (71/22)<br>ബിൽ നമ്പർ-25/10.2.2022 അടങ്കൽ- 150000 (MGNR)<br>ചെലവ് തുക -147215<br>കരാർ 51/2021-22/02.02.2022<br>സാങ്കേതികാനുമതി -69687/21-22 | 127.67/Kg | 24997 @195.79/Kg | 19805 @155.13/Kg | 5815 (5192+12% GST) |

| | | | | |
|---|---|---|---|---|
| അളവ് പുസ്തകം 49/21-22<br>കോൺട്രാക്ടർ ശ്രീ. അഫ്താബ് യോഗ്യൻ<br>കോസ്റ്റ് ഇൻഡക്സ് 36.44% | | | | |

കൂടാതെ മേൽ പ്രവൃത്തിയുടെ 6ാം ഇനമായി മേൽ ഗ്രിൽ എനാമൽ പെയിന്റ് ചെയ്തതായി അളവെടുക്കുകയും അതുൾപ്പെടെ മൂല്യ നിർണ്ണയം ചെയ്യുകയും ചെയ്തിട്ടുണ്ട്. എന്നാൽ എൽ.എസ്.ജി.ഡി. ഓവർസിയറുടെ സാന്നിദ്ധ്യത്തിൽ 30.3.2023 ന് സ്ഥല പരിശോധന നടത്തിയതിൽ ഇപ്രകാരം ഗ്രിൽ പെയിന്റ് ചെയ്തിട്ടില്ലെന്ന് വ്യക്തമായി. മാത്രമല്ല പെയിന്റ് ചെയ്യാത്തതിനാൽ ഗ്രിൽ തുരുമ്പെടുത്ത് നശിക്കുന്ന അവസ്ഥയിലുമാണുള്ളത്. ആയതിനാൽ ചെയ്യാത്ത പ്രവൃത്തിക്ക് അനുവദിച്ച തുക ഓഡിറ്റിൽ അംഗീകരിക്കുന്നില്ല.

വിശദ വിവരം ചുവടെ ചേർക്കുന്നു

| ചെയ്ത ഇനം | അളവ് | അനുവദിച്ച തുക | ജി.എസ്.ടി. ഉൾപ്പെടെ |
|---|---|---|---|
| 13.61.1 Painting With Synthetic Enamel Paint Of Approved Brand ,Two Or More Oats On New Work | 14.186 M2 | 2041.93 @143.94/m2 | 2287 |

കരാറുകാരന് അധികം നൽകിയ 8102 രൂപ (5815 + 2287) തിരികെ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

(ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ- 13/ 30.3.2023 ന് മറുപടി ലഭ്യമാക്കിയിട്ടില്ല)

## 1-27 മാന്വൽ ടെണ്ടറുകളിൽ മൽസരാധിഷ്ഠിത ടെണ്ടറുകൾ ലഭിക്കുന്നില്ല- ഗ്രാമ പഞ്ചായത്തിന് ടെണ്ടർ സേവിംഗ്സ് ഇനത്തിൽ വരവ് ലഭിക്കുന്നില്ല.

മരാമത്ത് പ്രവൃത്തികളിൽ 5 ലക്ഷം രൂപ വരെ അടങ്കലുള്ള പ്രവൃത്തികൾ മാന്വൽ ടെണ്ടറായാണ് ഗ്രാമ പഞ്ചായത്തിൽ നടപ്പാക്കിയത്. മാന്വൽ ടെണ്ടറിംഗ് നടത്തിയ ടെണ്ടറുകളിൽ മൽസര സ്വഭാവമുള്ള ടെണ്ടറുകളൊന്നും ലഭിച്ചിട്ടില്ലെന്ന് ടെണ്ടർ റജിസ്റ്റർ പരിശോധിച്ചതിൽ നിന്നും വ്യക്തമാകുന്നു. മാന്വൽ ടെണ്ടർ ചെയ്ത 68 പ്രവൃത്തികളിലൊന്നിലും 2 ൽ കൂടുതൽ പേർ ടെണ്ടർ സമർപ്പിച്ചിട്ടില്ല. ഒന്നോ രണ്ടോ പ്രവൃത്തികളിൽ .01 % Below ക്വാട്ട് ചെയ്തതൊഴിച്ചാൽ എല്ലാ പ്രവൃത്തികളും എസ്റ്റിമേറ്റ് നിരക്കിലാണ് ടെണ്ടറിംഗ് നടന്നത്.

വിശദ വിവരം ചുവടെ ചേർക്കുന്നു.

| ടെണ്ടർ തിയതി | ടെണ്ടർ ചെയ്ത വർക്കുകളുടെ എണ്ണം | പങ്കെടുത്ത കരാറുകാരുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 15.7.2021 | 4 | എല്ലാ ടെണ്ടറിലും രണ്ട് പേർ മാത്രമാണ് പങ്കെടുത്തത്. | എല്ലാ ടെണ്ടറുകളും എസ്റ്റിമേറ്റ് നിരക്കിലാണ് അംഗീകരിച്ചത്. |
| 12.8.2021 | 12 | എല്ലാ ടെണ്ടറിലും രണ്ട് പേർ മാത്രമാണ് പങ്കെടുത്തത്. | എല്ലാ ടെണ്ടറുകളും എസ്റ്റിമേറ്റ് നിരക്കിലാണ് അംഗീകരിച്ചത്. |
| 20.10.2021 | 19 | എല്ലാ ടെണ്ടറിലും രണ്ട് പേർ മാത്രമാണ് പങ്കെടുത്തത്. | എല്ലാ ടെണ്ടറുകളും എസ്റ്റിമേറ്റ് നിരക്കിലോ എക്സസ് നിരക്കിലോ ആണ് അംഗീകരിച്ചത്. |
| 14.12.2021 | 9 | എല്ലാ ടെണ്ടറിലും രണ്ട് പേർ മാത്രമാണ് പങ്കെടുത്തത്. | എല്ലാ ടെണ്ടറുകളും എസ്റ്റിമേറ്റ് നിരക്കിലാണ് അംഗീകരിച്ചത്. |
| 25.1.2022 | 9 | എല്ലാ ടെണ്ടറിലും രണ്ട് പേർ മാത്രമാണ് പങ്കെടുത്തത്. | എല്ലാ ടെണ്ടറുകളും എസ്റ്റിമേറ്റ് നിരക്കിലാണ് അംഗീകരിച്ചത്. |
| 4.3.2022 | 8 | എല്ലാ ടെണ്ടറിലും രണ്ട് | എല്ലാ ടെണ്ടറുകളും എസ്റ്റിമേറ്റ് |

| | | | |
|---|---|---|---|
| | | പേർ മാത്രമാണ് പങ്കെടുത്തത്. | നിരക്കിലാണ് അംഗീകരിച്ചത്. |
| 25.3.2022 | 7 | എല്ലാ ടെണ്ടറിലും രണ്ട് പേർ മാത്രമാണ് പങ്കെടുത്തത്. | എല്ലാ ടെണ്ടറുകളും എസ്റ്റിമേറ്റ് നിരക്കിലാണ് അംഗീകരിച്ചത്. |

രണ്ട് പേർ പങ്കെടുക്കുന്ന ടെണ്ടറിൽ ഒരാൾ എസ്റ്റിമേറ്റ് നിരക്കിൽ ടെണ്ടർ നൽകുമ്പോൾ അപരൻ എസ്റ്റിമേറ്റ് നിരക്കിലും അധികം രേഖപ്പെടുത്തുന്നു. ടെണ്ടറിൽ പങ്കെടുക്കുന്ന കരാറുകാർ സ്ഥാപനത്തിന് പുറത്ത് വെച്ച് പ്രവൃത്തികൾ വീതിച്ചെടുക്കുകയും എസ്റ്റിമേറ്റ് നിരക്കിൽ തന്നെ എല്ലാ പ്രവൃത്തികളും ഏറ്റെടുക്കുന്നതിന് ധാരണയിലെത്തുകയും ചെയ്യുന്നതായി ലഭിച്ച ടെണ്ടറുകളുടെ എണ്ണവും ക്വാട്ട് ചെയ്ത നിരക്കുകളും പരിശോധിച്ചതിൽ നിന്നും വ്യക്തമാകുന്നു. കരാറുകാർ ഇപ്രകാരം ധാരണയിലെത്തുന്നത് പൊതു മരാമത്ത് പ്രവൃത്തികളുടെ നടത്തിപ്പിലെ സുതാര്യത ഇല്ലാതാക്കുന്നതിനും ഗ്രാമ പഞ്ചായത്തിന് ടെണ്ടർ സേവിംഗ്സ് ഇനത്തിൽ വരവൊന്നും ലഭിക്കാതെ വരുന്നതിനും ഇടയാക്കുന്നു. ഇത് ഗ്രാമ പഞ്ചായത്തിന്റെ ഉത്തമ സാമ്പത്തിക താൽപര്യത്തിന് നിരക്കുന്നതുമല്ല.

നോട്ടീസ് ബോർഡിലൂടെയും പത്രങ്ങളിലൂടെയും വലിയ തോതിൽ പ്രചാരണവും പരസ്യവും നൽകി ടെണ്ടറിംഗിൽ പരമാവധി മത്സരക്ഷമതയും സുതാര്യതയും ഉറപ്പുവരുത്തുന്നതിന് പ്രായോഗിക സമീപനങ്ങൾ സ്വീകരിക്കേണ്ടതാണ്

(ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ - 10/ 29.3.2023 ന്) മറുപടി ലഭ്യമാക്കിയിട്ടില്ല )

## 1-28 കൃഷി ഭവൻ കെട്ടിടം നാളിതു വരെ പ്രവർത്തനക്ഷമമാക്കിയില്ല

ഗ്രാമ പഞ്ചായത്തിന്റെ 2020-21 വർഷത്തെ പദ്ധതിയിലുൾപ്പെടുത്തി ആരംഭിച്ച കൃഷി ഭവൻ കെട്ടിട നിർമ്മാണത്തിന് ചുവടെ ചേർത്തിട്ടുള്ള വിധം 35,04,934 രൂപ ചെലവഴിച്ച് കെട്ടിട നിർമ്മാണവും ഗേറ്റ്, ചുറ്റുമതിൽ തുടങ്ങിയ അനുബന്ധ പ്രവൃത്തികളും പൂർത്തീകരിച്ചിട്ടുണ്ട്. കെട്ടിടത്തിൽ വൈദ്യുതി, ശുചിത്വ സൗകര്യങ്ങൾ , ഓഫീസ് ഫർണീഷിംഗ് തുടങ്ങിയ സൗകര്യങ്ങളും പൂർത്തീകരിച്ചിട്ടുണ്ട്. എന്നാൽ നാളിതു വരെ പ്രസ്തുത കെട്ടിടത്തിൽ കൃഷിഭവൻ പ്രവർത്തനം ആരംഭിച്ചിട്ടില്ല. കൃഷി ഭവൻ ഇപ്പോഴും ഗ്രാമ പഞ്ചായത്ത് ഓഫീസിലെ പരിമിതമായ സ്ഥല സൗകര്യത്തിലാണ് പ്രവൃത്തിക്കുന്നത്. എല്ലാ സൗകര്യങ്ങളും ഏർപ്പെടുത്തിയിട്ടും കൃഷി ഭവൻ ഓഫീസ് മേൽ കെട്ടിടത്തിൽ പ്രവർത്തനം ആരംഭിക്കാത്തതിന് കാരണം വ്യക്തമല്ല.

ചെലവ് വിവരം ചുവടെ ചേർക്കുന്നു.

| പ്രോജക്ട് | ചെലവ് തുക | റിമാർക്സ് |
|---|---|---|
| കൃഷിഭവൻ കെട്ടിട നിർമ്മാണം<br>പ്രോജക്ട് നമ്പർ-26/22<br>(സ്പിൽഓവർ)<br>അടങ്കൽ-3255000<br>ഫണ്ട്- സി.എഫ്.സി.<br>ബിൽ നം. 26/24.2.2022 | 3060772 | 20-21 വർഷത്തിൽ 1640000 രൂപയും 21-22 വർഷം 14,20,772 രൂപയുമടക്കം 30,60,772 രൂപ ചെലവ് ചെയ്ത് കെട്ടിട നിർമ്മാണം പൂർത്തീകരിച്ചു. |
| കൃഷിഭവൻ കെട്ടിട പൂർത്തീകരണം<br>പ്രോജക്ട് നമ്പർ-241/22<br>അടങ്കൽ- 475000<br>ഫണ്ട്- എം.ജി.(എൻ.ആർ)<br>ബിൽ നം. 54/30.3.2022 | 4, 44, 162 | ചുറ്റുമതിൽ, പെയിന്റിംഗ്, മറ്റ് അനുബന്ധ പ്രവൃത്തികൾ എന്നിവ പൂർത്തീകരിച്ചു. |

| | | |
|---|---|---|
| ആകെ | 35,04,934 | |

കൃഷി ഓഫീസിന് ഒരുക്കിയ പുതിയ കെട്ടിടം അവയ്ക്ക് വേണ്ടി പ്രയോജനപ്പെടുത്താത്തതിന് കാരണം വ്യക്തമാക്കാനാവശ്യപ്പെട്ട് കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ- 16/ 31.3.2023 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

കൃഷിഭവൻ കെട്ടിടം പ്രവർത്തനക്ഷമമാക്കി വിവരം അറിയിക്കേണ്ടതാണ്

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 അങ്കണവാടിയുടെ ഒന്നാം നിലയിൽ ഗ്രിൽ സ്ഥാപിക്കൽ - അധിക തുക നൽകി

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ മുണ്ടക്കോട് അങ്കണവാടി പുനരുദ്ധാരണം എന്ന പ്രവൃത്തിയുടെ ഭാഗമായി ഒന്നാം നിലയിൽ ഗ്രിൽ സ്ഥാപിക്കാൻ അവശേഷിക്കുന്ന ഭാഗത്ത് ഗ്രിൽ സ്ഥാപിച്ചതിന് DSR കോഡ് 9.48.1 പ്രകാരമുള്ള 195.79/Kg നിരക്ക് ആണ് നൽകിയിട്ടുള്ളത്. DSR അധ്യായം 9 (Sub Head 9) ന്റെ പേര് Wood & PVC Work എന്നാണ്. DSR അധ്യായം 10 ആണ് (Sub Head 10) സ്റ്റീൽ വർക്കിനെ സംബന്ധിച്ചുള്ളത്.ആയതിനാൽ തന്നെ ഈ ഡാറ്റ കെട്ടിടങ്ങളിൽ ജനലിന് (Fixed To Steel Windows By Welding) ഗ്രിൽ സ്ഥാപിക്കുന്നതിനുള്ളതാണ്. ആയതിനാൽ ഓപ്പൺ ഏരിയയിൽ ഗ്രിൽ സ്ഥാപിക്കുന്നതിന് DSR കോഡ് 10.25.2 പ്രകാരമുള്ള നിരക്കാണ് നൽകാവുന്നത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രവൃത്തി | അളവ് | നൽകിയ തുക | നൽകാവുന്ന തുക | അധികം (12%GST അടക്കം) |
|---|---|---|---|---|
| മുണ്ടക്കോട് അങ്കണവാടി പുനരുദ്ധാരണം (71/22)<br>അടങ്കൽ- 150000<br>ബിൽ നമ്പർ-25/10.2.2022<br>ചെലവ് തുക -147215<br>ഫണ്ടിനം- നോൺറോഡ് മെയിന്റനൻസ്<br>കരാർ 51/2021-22/02.02.2022<br>സാങ്കേതികാനുമതി -69687/21-22<br>അളവ് പുസ്തകം 49/21-22<br>കോൺട്രാക്ടർ ശ്രീ. അഫ്ലാബ് യോഗ്യൻ<br>കോസ്റ്റ് ഇൻഡക്സ് 36.44% | 127.67/Kg | 24997 @195.79/Kg | 19805 @155.13/Kg | 5815 (5192+12% GST) |

കൂടാതെ മേൽ പ്രവൃത്തിയുടെ 6ാം ഇനമായി മേൽ ഗ്രിൽ എനാമൽ പെയിന്റ് ചെയ്തതായി അളവെടുക്കുകയും അതുൾപ്പെടെ മൂല്യ നിർണ്ണയം ചെയ്യുകയും ചെയ്തിട്ടുണ്ട്. എന്നാൽ എൽ.എസ്.ജി.ഡി. ഓവർസിയറുടെ സാന്നിദ്ധ്യത്തിൽ 30.3.2023 ന് സ്ഥല പരിശോധന നടത്തിയതിൽ ഇപ്രകാരം ഗ്രിൽ പെയിന്റ് ചെയ്തിട്ടില്ലെന്ന് വ്യക്തമായി. മാത്രമല്ല പെയിന്റ് ചെയ്യാത്തതിനാൽ ഗ്രിൽ തുരുമ്പെടുത്ത് നശിക്കുന്ന അവസ്ഥയിലുമാണുള്ളത്. ആയതിനാൽ ചെയ്യാത്ത പ്രവൃത്തിക്ക് അനുവദിച്ച തുക ഓഡിറ്റിൽ അംഗീകരിക്കുന്നില്ല.

വിശദ വിവരം ചുവടെ ചേർക്കുന്നു

| ചെയ്ത ഇനം | അളവ് | അനുവദിച്ച | ജി.എസ്.ടി. |
|---|---|---|---|

| | | തുക | ഉൾപ്പെടെ |
|---|---|---|---|
| 13.61.1 Painting With Synthetic Enamel Paint Of Approved Brand ,Two Or More Oats On New Work | 14.186 M2 | 2041.93 @143.94/m2 | 2287 |

കരാറുകാരന് അധികം നൽകിയ 8102 രൂപ (5815 + 2287) തിരികെ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

(ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ- 13/ 30.3.2023 ന് മറുപടി ലഭ്യമാക്കിയിട്ടില്ല)

## ഭാഗം -4
## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ /തീയതി |
|---|---|---|
| 2020-21 | 22.03.2023 മുതൽ 29.03.2023വരെ | ഈ റിപ്പോർട്ടിന്റെ ഭാഗമാക്കി |

### 4-2 സംയുക്ത പ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പദ്ധതി പേര്,നമ്പർ | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 850000 | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് (പ്രൊജക്ട് നം.2/22) | 850000 | 0 |
| | 63750 | നെൽകൃഷി കൂലിച്ചെലവ് സബ്സിഡി(11/22) | 63750 | 0 |
| | 100000 | പച്ചക്കറി കൃഷിക്ക് കൂലിച്ചെലവ് സബ്സിഡി(92/22) | 100000 | 0 |
| | 150000 | വയോജനങ്ങൾക്കുള്ള കട്ടിൽ-ജനറൽ(99/22) | 150000 | 0 |
| | 150000 | ലൈഫ് മിഷൻ ഭവന പദ്ധതി(എസ്.സി)-190/22 | 150000 | 0 |
| | 50000 | ആശ്രയ ഗുണഭോക്താക്കൾക്ക് ഭവന നിർമ്മാണം(191/22) | 50000 | 0 |
| ജില്ലാപഞ്ചായത്ത് | 850000 | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്(2/22) | 850000 | 0 |
| | 63750 | നെൽകൃഷി കൂലിച്ചെലവ് സബ്സിഡി(11/22) | 63750 | |

### 4-3 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂറായി നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റേയും ബാക്കി തുകയുടേയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണഏജൻസി | പ്രവർത്തിയുടെ പേര് | വൗച്ചർ/ബിൽ /ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | പൂർത്തീകരിച്ച വിവരം | ചെലവഴിക്കാൻ ബാക്കിയുള്ളത് |
|---|---|---|---|---|---|---|
| കെ.ഡബ്ല്യൂ.എ | മുണ്ടക്കോട് നിരപ്പിൽ കുടിവെള്ള പദ്ധതിക്ക് പ്രഷർഫിൽട്ടർ(259/22) | 22101171/03.06.2021 | 739562 | 0 | ഇല്ല | 739562 |

| | | | | | | |
|---|---|---|---|---|---|---|
| കേരളസ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് | മങ്ങോട്ടുപുലം റിംഗ് റോഡ് ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ(192/22) | 22100464/05.10.2021 | 36942 | 36942 | പൂർത്തീകരിച്ചു | 0 |
| കേരളസ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് | പി.എച്ച്.സി കെട്ടിടത്തിലേക്ക് വൈദ്യുതി കണക്ഷനും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ | 22100160/01.06.2021 | 102999 | 102999 | പൂർത്തീകരിച്ചു | 0 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല.

## 4-5 വായ്പ/വായ്പ തിരിച്ചടവ്

ഇല്ല.

## 4-6 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 1278990 |
| തൻവർഷം നിക്ഷേപിച്ച തുക ( പലിശ) | 75952 |
| ആകെ | 1354942 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 1354942 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .

| നിക്ഷേപത്തിന്റെ വിവരം | തുക | രശീതി നമ്പർ |
|---|---|---|
| കോട്ടക്കൽ കോ-ഓപ്പറേറ്റീവ് അർബൻ ബാങ്ക് ലിമിറ്റഡ്.1378(FD ST/010813 ) | 1354942/- | FDST/010813 |

## 4-7 ഓഡിറ്റ് റിക്കവറി

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീതി നമ്പർ /തിയ്യതി |
|---|---|---|---|---|
| ലഭ്യമല്ല | ലഭ്യമല്ല | 1058/- | എം.പി.നന്ദകുമാർ(റിട്ട.സെക്രട്ടറി) | 121070900023 Dtd 25.08.2021 |

.

## 4-8 സമാഹ്യത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിററ് നിയമം 23 -ാം വകുപ്പ പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളിൽ തീർപ്പാക്കാനവശേഷിക്കുന്നവയുടെ വിശദവിവരങ്ങൾ താഴെ ചേർക്കുന്നു

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം |
|---|---|---|---|---|
| 2001-02 | 3-9 | 2006-07 | 3.71.4 | KWA Deposit Works |
| 2005-06 | 3(7) | 2008-09 | -- | സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് തുക തിരികെ ലഭിച്ചില്ല |
| | | 2012-2013 | | പ്രവർത്തന ക്ഷമതാ റിപ്പോർട്ട്- തൊഴിലുറപ്പ് പദ്ധതി |
| 2014-2015 | 2-3 | 2016-2017 | -- | -- |

| | | | | |
|---|---|---|---|---|
| 2019-2020 | 1-22<br>1-23<br>1-24 | 2020-2021 | 2(3) | അനുബന്ധം മെഡിക്കൽ ഓഫീസർ(പി.എച്ച്.സി) |

## 4-9 ചാർജ് സർചാർജ് നടപടികളുടെ വിവരം.

| ക്രമ നമ്പർ | റിപ്പോർട്ട് വർഷം | ഖണ്ഡിക നമ്പർ | ഉത്തരവാദിയായ വ്യക്തി | ചാർജ്ജ് /സർ ചാർജ്ജ് സർട്ടിഫിക്കറ്റ് | | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|---|
| | | | | നമ്പറും തിയതിയും | തുക | |
| 1 | 1997-98 | 3-2, 3-3, | ശ്രീ.ഒ.ഉണ്ണികൃഷ്ണൻ | LF 21822/Spl.Cell /SC5/03 Dt. 24.07.2014 | 2247/- | സെക്രട്ടറിയുടെ 05-6-2012ലെ എ1/201/2007 കത്ത് ശ്രീ. ഒ.ഉണ്ണികൃഷ്ണൻ മരണപ്പെട്ടതായി അറിയിച്ചിട്ടുണ്ട്. |

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| മുന്നിരിപ്പ് | 1,63,38,998 |
| ഓഡിറ്റ് വർഷത്തെ വരവ് | 8,43,00,988 |
| ആകെ | 100,63,99,86 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 7,96,79,574 |
| നീക്കിയിരിപ്പ് | 20,960,412 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 53974 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 986394 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 8102 | ശ്രീ. ബാബു.പി.ടി, അസി. എഞ്ചിനീയർ |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-18 | 46840 | ശ്രീമതി.ഹസീന.എം.പി ഐ.സി.ഡി.എസ്.സൂപ്പർവൈസർ |
| 1-19 | 199992 | ശ്രീമതി.ഹസീന.എം.പി ഐ.സി.ഡി.എസ്.സൂപ്പർവൈസർ |
| 1-22 | 739562 | ശ്രീമതി.ബിന്ദു.വി.ആർ, സെക്രട്ടറി |
| | 986394 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| ഉത്തരവാദിയായ ആളുടെ പേരും | ഇപ്പോഴത്തെ | സ്ഥിര മേൽവിലാസം |
|---|---|---|

| ഉദ്യോഗപ്പേരും | മേൽവിലാസം | |
|---|---|---|
| ശ്രീമതി. ശുഭ. പി, അസി. എഞ്ചിനീയർ | അസി. എഞ്ചിനീയർ, വില്യാപ്പള്ളി ഗ്രാമ പഞ്ചായത്ത് | മമ്മിലിത്താഴ ഹൗസ്, പള്ളിക്കര,പയ്യോളി,പിൻ-676504 |
| ശ്രീ. ബാബു.പി.ടി, അസി. എഞ്ചിനീയർ | മുനിസിപ്പൽ എഞ്ചിനീയർ, മലപ്പുറം നഗരസഭ | പറത്തിക്കാട്ടിൽ ഹൗസ്, തലയോലപ്പറമ്പ് പി.ഒ, പിൻ-686605, കോട്ടയം ജില്ല |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാനവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1988-89 1989-90,1990-91 | കെ.എസ്.എ.എം.പി.എം 27/1695/17 തി.18.01.2018 | 2 |
| 1991-92,1992-93 | കെ.എസ്.എ.എം.പി.എം 27/1695/17 തി. 18.01.2018 | 6 |
| 1993-94,1994-95 | കെ.എസ്.എ.എം.പി.എം 27/1695/17 തി. 18.01.2018 | 10 |
| 1995-96 | കെ.എസ്.എ.എം.പി.എം 27/1695/17 തി.18.01.2018 | 5 |
| 1996-97 | കെ.എസ്.എ.എം.പി.എം 27/1695/17 തി. 18.01.2018 | 4 |
| 1997-98 | കെ.എസ്.എ.എം.പി.എം 27/1695/17 തി. 18.01.2018 | 8 |
| 1998-99 | കെ.എസ്.എ.എം.പി.എം 27/1695/17 തി. 18.01.2018 | 10 |
| 1999-00 | കെ.എസ്.എ.എം.പി.എം 27/2123/22 തി. 13.10.2022 | 3 |
| 2000-01 | കെ.എസ്.എ.എം.പി.എം 27/2123/22(1) തി. 13.10.2022 | 12 |
| 2001-02 | കെ.എസ്.എ.എം.പി.എം 27/2123/22 (2)തി. 13.10.2022 | 2 |
| 2003-04 | കെ.എസ്.എ.എം.പി.എം 27/2123/22(3) തി. 13.10.2022 | 3 |
| 2004-05 | കെ.എസ്.എ.എം.പി.എം 27/2123/22 (4)തി. 13.10.2022 | 1 |
| 2005-06 | കെ.എസ്.എ.എം.പി.എം 27/2123/22 (5)തി. 13.10.2022 | 6 |
| 2006-07 | കെ.എസ്.എ.എം.പി.എം 27/2123/22 (6)തി. 13.10.2022 | 4 |
| 2007-08 | എൽ എഫ് എം12/731/11 തി.8.6.2011 | 24 |
| 2008-09 | കെ.എസ്.എ.എം.പി.എം 27/2123/22 (7)തി. 13.10.2022 | 7 |
| 2009-10 | കെ.എസ്.എ.എം.പി.എം 27/2123/22 (8)തി. 13.10.2022 | 2 |
| 2010-11 | കെ.എസ്.എ.എം.പി.എം 27/2123/22 (9)തി. 13.10.2022 | 2 |
| 2011-12 | കെ.എസ്.എ.എം.പി.എം 27/2123/22 (11)തി. 13.10.2022 | 3 |
| 2012-13 | കെ.എസ്.എ.എം.പി.എം 27/2123/22 (10)തി. 13.10.2022 | 2 |
| 2013-14,2014-15 | കെ എസ് എ എം പി എം27/2096/16 തി.01.01.2018 | 8 |

| | | |
|---|---|---|
| 2015-16 | കെ എസ് എ എം പി എം 27/3/17 തി.15.02.2018 | 9 |
| 2016-17 | കെ.എസ്.എ.എം.പി.എം 27/1566/17 തി.08.05.2018 | 8 |
| 2017-18 | കെ.എസ്.എ.എം.പി.എം 27/606/19 തി.16.9.22 | 7 |
| 2018-19 | കെ.എസ്.എ.എം.പി.എം 27/926/2020 തി.25-8-20 | 23 |
| 2019-20 | കെ.എസ്.എ.എം.പി.എം 27/591 /2021തി.17-11-21 | 22 |
| 2020-21 | കെ.എസ്.എ.എം.പി.എം 27/1410 /22തി.23-11-22 | 15 |

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-1
## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ മലപ്പുറം ജില്ലയിലെ കോഡൂർ ഗ്രാമപഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

മലപ്പുറം ജില്ലയിലെ കോഡൂർ ഗ്രാമപഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്